2023
ഏപ്രിൽ
വാല്യം 16 | ലക്കം 4
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN





അഭിവന്ദ്യ ബൊനവന്തൂരാ അരാനാ പിതാവിന്റെ അനുസ്മരണബലി



**അഭിവന്ദ്യ**
**ജോസഫ് ജി. ഫെർണാണ്ടസ്**
**പിതാവിന്**

**വിജയപുരം രൂപതയുടെ**

**ആദരാഞ്ജലികൾ**



ആർച്ച് ബിഷപ് ജോസഫ് പവ്വത്തിലിന് അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ്
ആദരാഞ്ജലികൾ അർപ്പിക്കുന്നു

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2023 APRIL    Registered Newspaper, Reg.No. KERMAL/2008/24745    Vol.16 • No.4

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ...

4. എഡിറ്റോറിയൽ
7 കത്തീഡ്രാത്തികം
11. ആത്മാവിന്റെ കൈയൊപ്പുള്ള മാർസെലിനോ അച്ചൻ
15. വിശുദ്ധ അന്തോണീസിന്റെ നൊവേനതിരുനാൾ
19. ക്രിസ്തുവിന്റെ ഉത്ഥാനം
20. 2022-ലെ പിരിവുകൾ
24. പൂത്തുലയുന്ന കുരിശുകൾ
26. നോമ്പ് (കവിത)
28 ഇടവകവാർത്തകൾ
31 വി.എസ്.എസ്,എസ്. വാർത്തകൾ
34. അഭിവന്ദ്യപിതാവിന്റെ ഏപ്രിൽ മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial



# Holy Days ഉം Holidays ഉം

**ഇം**ഗ്ലീഷിൽ ഏകദേശം ഒരേപോലെ ഉച്ചരിക്കപ്പെടുന്ന വാക്കുകളാണ് Holy Days ഉം Holidays ഉം. Holy Days എന്നാൽ തിരുനാളുകൾ, പുണ്യദിനങ്ങൾ, വിശുദ്ധദിനങ്ങൾ എന്നൊക്കെയാണർത്ഥം. Holidays എന്നാലോ അവധിക്കാലം എന്നുമാണർത്ഥം. രണ്ടും ഒന്നുചേർന്ന് വരുന്ന മാസമാണ് ഏപ്രിൽ. സ്കൂളിലെ പരീക്ഷയെല്ലാം കഴിഞ്ഞ് അവധിക്കാലത്തിലേക്ക് പ്രവേശിക്കുകയാണ് നമ്മുടെ കുഞ്ഞുങ്ങൾ. അവർക്കിത് Holidays ആണ്. ഒപ്പം ആരാധനാവത്സരത്തിലെ ഏറ്റവും പ്രധാന ആഴ്ചയിലൂടെയും പുണ്യദിനങ്ങളിലൂടെയുമാണ് നാം ഏപ്രിൽ മാസത്തിൽ കടന്നുപോവുക. അത് നമുക്ക് Holy Days ആണ്. നമ്മുടെ ആരാധനാവത്സരത്തിലെ ഏറ്റവും പ്രധാന ആഴ്ചയാണ് ഏപ്രിൽ മാസം രണ്ടാം തീയതി ഓശാന ഞായറാഴ്ചയോടെ നാം ആരംഭിക്കുക ഈ വിശുദ്ധവാരത്തിലാണ് നമ്മുടെ രക്ഷയുടെ ഏറ്റവും പ്രധാന രഹസ്യങ്ങളും സംഭവങ്ങളും നാം അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും അനുഭവിക്കുകയും ചെയുക. പെസഹാ വ്യാഴം, ദുഃഖവെള്ളി, വലിയശനി എന്നിവ ഉൾക്കൊള്ളുന്ന പെസഹാത്രിദിനങ്ങളിലാണ് അത് സംഭവിക്കുക. പെസഹാ വ്യാഴാഴ്ചയിൽ ഈശോയുടെ അവസാനത്തെ പെസഹാചരണവും അന്ത്യത്താഴവും നാം ആചരിക്കുന്നു. അന്നാണ് ഈശോ ദിവ്യബലിയും പൗരോഹിത്യവും സ്ഥാപിച്ചതും പുതിയ ഉടമ്പടിയുടെ പുതിയ കല്പന (യോഹ 13: 34) നൽകിയതും. അതിനാലാണ് പെസഹാവ്യാഴാഴ്ചയെ Maunday Thursday എന്ന് ഇംഗ്ലീഷുകാർ വിളിക്കുക. കല്പന എന്നർത്ഥമുള്ള മന്താത്തും എന്ന ലത്തീൻ പദത്തിൽ നിന്നാണ് Maunday എന്ന പദം വരുന്നത്. ദിവ്യഗുരുവും നാഥനുമായ ഈശോ ശിഷ്യന്മാരുടെ പാദം കഴുകി എളിമയുടെയും ശുശ്രൂഷയുടെയും മാതൃക കാണിച്ചതും അന്ത്യഅത്താഴത്തിനുശേഷം ഗദ്സമേൻ തോട്ടത്തിൽ പോയി പ്രാർത്ഥിച്ചതും അന്നു

തന്നെ. ബലിയർപ്പണത്തെ തുടർന്ന് രാത്രി ആരാധന നടത്തിക്കൊണ്ട് ഒരു മണിക്കൂർ നേരമെങ്കിലും എന്നോടുകൂടെ ഉണർന്നിരിക്കുക എന്ന കർത്താവിന്റെ ആഹ്വാനം നാം നിറവേറ്റുന്നു. തുടർന്ന് ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴി നടത്തിക്കൊണ്ടും ആരാധനാ ശുശ്രൂഷയിൽ സുവിശേഷത്തിലെ പീഡാനുഭവ ചരിത്രം വായിച്ചുകൊണ്ടും മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിക്കൊണ്ടും കുരിശാരാധന അനുഷ്ടിച്ചുകൊണ്ടും ദിവ്യകുർബാന സ്വീകരിച്ചുകൊണ്ടും യേശുവിന്റെ പീഡാസഹനവും മരണവും അതിലൂടെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കുവേണ്ടി അർപ്പിക്കപ്പെട്ട സനാതന സ്നേഹബലിയും നാം അനുസ്മരിക്കുകയും ആചരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യും. കല്ലറക്കുള്ളിൽ കഴിയുന്ന യേശുവിനെ മാതാവായ മറിയത്തോടുചേർന്ന് ധ്യാനിച്ച് ഉത്ഥാനത്തിനൊരുക്കമായുള്ള ജാഗരാനുഷ്ഠാനത്തിലേക്ക് നാം മുന്നേറും പിറ്റേ ദിവസമായ വലിയ ശനിയാഴ്ച. അന്നു രാത്രിയിലാണ് ഉൽപത്തിപുസ്തകത്തിലെ സൃഷ്ടിവിവരണം തുടങ്ങിയുള്ള ബൈബിൾ ഭാഗങ്ങൾ വായിച്ചും സങ്കീർത്തനങ്ങൾ ആലപിച്ചും ജാഗരമനുഷ്ഠിച്ച് യേശുവിന്റെ ഉത്ഥാനം ആഘോഷിക്കാൻ തുടങ്ങുക. ഉത്ഥിതന്റെ പ്രതീകമായ പെസഹാതിരികത്തിച്ചുകൊണ്ടും അത്യുന്നതങ്ങളിൽ ആലപിച്ചുകൊണ്ടും അല്ലേലൂയ ആഘോഷപൂർവ്വം പാടികൊണ്ടും (ഈസ്റ്റർ ആഘോഷത്തിനൊരുക്കമായി തപസുകാലത്ത് ആരണ്ടു പ്രാർത്ഥനകൾ നാം വർജിച്ചിരുന്നുവല്ലോ.) സുവിശേഷം പ്രഘോഷിച്ചുകൊണ്ടും വെള്ളം തീർത്ഥമാക്കിക്കൊണ്ടും എല്ലാവരും ജ്ഞാനസ്നാന വൃതം നവീകരിച്ചുകൊണ്ടും ഉത്ഥിതനെ കണ്ടുമുട്ടി അനുഭവിക്കുന്നതിന് അവസരമായ ദിവ്യബലി അർപ്പിച്ചുകൊണ്ടും നാം യേശുവിന്റെ ഉത്ഥാനം ആഘോഷിക്കുകയും അനുഭവിക്കുകയും ഉത്ഥാനത്തിന്റെ ശക്തിയാലും ചൈതന്യത്താലും പുതുജീവനാലും നിറയപ്പെടുകയും ചെയ്യും. ഈ ആചരണങ്ങളും അനുഷ്ഠാനങ്ങളുമാണ് നമ്മെ ഉത്ഥാനത്തിന്റെ ആഘോഷദിനമായ ഈസ്റ്ററിലേക്ക് നയിക്കുക. അതാണല്ലോ നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട Holy Day. അത് ഞായറാഴ്ചകളെ കർത്താവിന്റെ ദിനമായി, പുതിയനിയമത്തിലെ സാബത്തായി ആചരിക്കുന്നത് അങ്ങനെ നമ്മുടെ വിശ്വാസത്തെ അറിഞ്ഞ് അനുസ്മരിച്ച്, അനുഷ്ഠിച്ച്, ആഘോഷിച്ച് അനുഭവിച്ച് ജീവിക്കാൻ നാം പ്രചോദിപ്പിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്ന ഏപ്രിൽ മാസത്തിലെ Holy Daysലൂടെ.

## Holidays

സ്കൂളിലെ അദ്ധ്യായനകാലത്തെ പഠനവും ടെസ്റ്റുകളും പരീക്ഷകളും മത്സരങ്ങളും വരുത്തിയ പിരിമുറുക്കങ്ങളെ അയക്കാനും വിശ്രമിച്ചും ഉല്ലസിച്ചുംകൊണ്ട് പുതുവർഷത്തേക്ക് വേണ്ട ഉണർവും ഉത്തേജനവും പുതുമയും ഉൾക്കൊള്ളാൻ ലഭിക്കുന്ന സുവർണ്ണാവസരമാണ് Holidays അത് വ്യയം ചെയ്യാതെ നന്നായി വിനിയോഗിക്കാൻ ശ്രദ്ധിക്കണം. ശരീര

ത്തെയും മനസിനെയും ഹൃദയത്തെയും ഉന്മേഷഭരിതവും ഓജസ്സും തേജസ്സും ചൈതന്യവും നിറഞ്ഞതുമാക്കാൻ പറ്റിയ ഉല്ലാസങ്ങളിലും പ്രവർത്തനങ്ങളിലും നാം ഉത്സാഹത്തോടെ മുഴുകണം. ധ്യാനങ്ങളിലും ക്യാമ്പുകളിലും മറ്റും പങ്കെടുത്ത് വ്യക്തിത്വ വളർച്ച നാം പ്രാപിക്കണം. നടത്തം, ഓട്ടം, നീന്തൽ, ഭക്ഷണം, ഉറക്കം തുടങ്ങിയവയിലൂടെ ആരോഗ്യപരിരക്ഷ നാം നടത്തണം. സൗഹൃദങ്ങൾ പുതുക്കിയും ബന്ധുക്കളെ സന്ദർശിച്ചും വ്യക്തിബന്ധങ്ങളിൽ വളരണം. (സെൽഫോൺ ആസക്തി മൂലം വ്യക്തിപരമായ ബന്ധങ്ങളും ഇടപാടുകളും നന്നേ ചുരുങ്ങിയിരിക്കുന്നു.) പുതിയവ പുണരാൻ ശ്രദ്ധിക്കുക. പുതിയ ഭാഷകൾ പഠിക്കുക, പുതിയ നൈപുണ്യം നേടുക, ഇതുവരെ ചെയ്യാത്ത നല്ല കാര്യങ്ങൾ ചെയ്യാൻ ഒരുമ്പെട്ടും മനുഷ്യരുടെ വേദനകളും വിഷമതകളും ഗ്രഹിക്കാൻ ആശുപത്രികളും അനാഥമന്ദിരങ്ങളും സന്ദർശിക്കുക. വല്യപ്പന്മാരെയും വല്യമ്മച്ചിമാരെയും കണ്ടുമുട്ടി, അവരോടു സംഭാഷണത്തിൽ മുഴുകി അറിവുനേടാനും ആദരവുകാണിക്കാനും ശ്രദ്ധിക്കുക. മറ്റുള്ളവരെ സഹായിക്കാനുള്ള പ്രവർത്തനങ്ങളിലും ശുശ്രൂഷകളിലും ഒറ്റക്കും കൂട്ടായും മുഴുകുക. തീർത്ഥാടനത്തിനോ ടൂറിനോ പോവുക. ഇതുവരെ പോകാത്ത സ്ഥലങ്ങൾ സന്ദർശിക്കുക. ഇങ്ങനെ എന്തേറെ സാദ്ധ്യതകളാണുള്ളത് നമ്മുടെ അവധിക്കാലം നന്നായി ചിലവൊഴിക്കാൻ വേണ്ടി.

അദ്ധ്യയനകാലത്ത് ബുദ്ധിപരമായ വളർച്ചയിലായിരുന്നു പ്രത്യേക ശ്രദ്ധ. എന്നാൽ അവധിക്കാലത്തോ വ്യക്തിത്വത്തിന്റെ സർവ്വതോന്മുഖമായ കാര്യങ്ങളിൽ നാം ശ്രദ്ധയൂന്നും. ശാരീരികവും വൈകാരികവും മാനസികവും സാമൂഹികവും ആത്മീയവുമായ ആരോഗ്യവും പക്വതയും വളർച്ചയും വരുത്തുന്ന കാര്യങ്ങളിൽ ശ്രദ്ധയോടെ മുഴുകണം. ഏതുകാര്യത്തിനും ഒരു നിയോഗം (ലക്ഷ്യം) ഉണ്ടാകണം. അതിനുചിതമായ അറിവ് നേടണം. ശരിയായ തീരുമാനങ്ങളെടുക്കണം. കഴിവുകളും പ്രത്യേകം സിദ്ധികളുമെല്ലാം കണ്ടറിഞ്ഞ് വളർത്തി തീരുമാനങ്ങളെ വിശ്വസ്തതയോടും ഉത്തരവാദിത്തത്തോടുംകൂടെ നാം നിറവേറ്റണം. അതിനെല്ലാമുള്ള നല്ല അവസരമാണ് Holidays. അങ്ങനെ Holy Days വഴിയായി ദൈവവുമായുള്ള ബന്ധത്തിലും Holidays വഴിയായി മനുഷ്യരും ലോകവുമായുള്ള ബന്ധത്തിലും വളരാനും നല്ല വ്യക്തിത്വം നിറഞ്ഞവരായി ദൈവത്തെ മഹത്വപ്പെടുത്തുന്നവരും മനുഷ്യർക്കെല്ലാം അനുഗ്രഹമേകുന്നവരുമായി ജീവിക്കാനും നാം പ്രാപ്തരാകും.

പത്രാധിപർ

**വിജയപുരദൂത് വായനക്കാർക്ക്**
**ഉയിർപ്പ് തിരുനാൾ ആശംസകൾ...**

~ പത്രാധിപസമിതി

# കത്തേഡ്രാത്തികം

**2021 ഒക്ടോബർ 01 മുതൽ 2023 മാർച്ച് 13 വരെ**

| | |
|---|---|
| സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് കുറിച്ചി | 13, 343.00 |
| സെന്റ് ജോസഫ്സ്, ചെങ്ങളം | 8,000.00 |
| സെന്റ് ആന്റണീസ് തലയാർ | 6,225.00 |
| അസംപ്ഷൻ വണ്ടിപ്പെരിയാർ | 10,000.00 |
| അസംപ്ഷൻ വണ്ടിപ്പെരിയാർ | 5,800.00 |
| അസംപ്ഷൻ വണ്ടിപ്പെരിയാർ | 10,000.00 |
| വേളാങ്കണി ബിയൽറാവ് | 15,300.00 |
| ഹോളി ഫാമിലി വാഴത്തോപ്പ് | 9,000.00 |
| മേരിഗിരി കല്ലാർ | 9,597.00 |
| മേരിഗിരി കല്ലാർ | 9,000.00 |
| ഔവർ ലേഡി ചിന്നക്കനാൽ | 8,000.00 |
| ഹോളി ഫാമിലി കഞ്ഞികുഴി | 3,750.00 |
| സെന്റ് ജോൺസ് ദ ബാപ്റ്റിസ്റ്റ് വേളൂർ | 7,900.00 |
| സെന്റ് സെബാസ്റ്റ്യൻസ് ചാത്തൻതറ | 10,000.00 |
| സെന്റ് സെബാസ്റ്റ്യൻസ് ചാത്തൻതറ | 10,000.00 |
| ഹോളി ക്രോസ് വൈശ്യംഭാഗം | 10,000.00 |
| ഹോളി ക്രോസ് വൈശ്യംഭാഗം | 5,000.00 |
| ഇൻഫന്റ് ജീസസ് മധുരവേലി | 7,500.00 |
| മൗണ്ട് കാർമ്മൽ കോഴിമല | 8,960.00 |
| മൗണ്ട് കാർമ്മൽ തിരുവഞ്ചൂർ | 10,000.00 |
| മൗണ്ട് കാർമ്മൽ തിരുവഞ്ചൂർ | 10,000.00 |
| മൗണ്ട് കാർമ്മൽ തിരുവഞ്ചൂർ | 5,000.00 |
| സെന്റ് മേരീസ് വടവാതൂർ | 9,300.00 |
| ഫാത്തിമാഗിരി കുന്നന്താനം | 10,000.00 |
| ഔവർ ലേഡി ഓഫ് ഗ്വാഡലൂപ്പ പാല | 10,000.00 |
| ഔവർ ലേഡി ഓഫ് ഗ്വാഡലൂപ്പ പാല | 2,300.00 |
| സെന്റ് തെരേസാ തൊടുപുഴ | 10,000.00 |
| സെന്റ് സെബാസ്റ്റ്യൻസ് ചീന്തലാർ | 5,000.00 |
| സെന്റ് സെബാസ്റ്റ്യൻസ് ചീന്തലാർ | 3,500.00 |
| സെന്റ് സെബാസ്റ്റ്യൻസ് ചീന്തലാർ | 7,000.00 |
| സെന്റ് ആന്റണീസ് വാഗമൺ | 3,000.00 |
| സെന്റ് മേരീസ് മറയൂർ | 30,000.00 |
| സെന്റ് മേരീസ് തെള്ളകം | 9,100.00 |

| | |
|---|---|
| സെന്റ് മേരീസ് തെള്ളകം | 10,000.00 |
| ലൂർദ് കുമളി | 24,000.00 |
| സെന്റ് ജോസഫ്സ് സൂര്യനെല്ലി | 10,000.00 |
| ലിറ്റിൽ ഫ്ളവർ കോഴിപ്പള്ളി | 7,492.00 |
| സെന്റ് പോൾസ് വെട്ടിമുകൾ | 10,000.00 |
| സെന്റ് ജോസഫ്സ് ഗൂഡാർലെ | 4,500.00 |
| സെന്റ് ജോസഫ്സ് പൊടിമറ്റം | 10,000.00 |
| സെന്റ് ജോസഫ്സ് പൊടിമറ്റം | 10,000.00 |
| സെന്റ് ജോസഫ്സ് പൊടിമറ്റം | 8,590.00 |
| സെന്റ് ജോസഫ്സ് പൊടിമറ്റം | 9,700.00 |
| സെന്റ് ജൂഡ്സ് ദിണ്ഡികൊമ്പ് | 15,000.00 |
| സെന്റ് ബോണിഫസ് പട്ടിത്താനം | 14,000.00 |
| ഹോളി ക്രോസ് മണ്ണയ്ക്കനാട് | 10,000.00 |
| ഹോളി ക്രോസ് മണ്ണയ്ക്കനാട് | 10,000.00 |
| സെന്റ് തെരേസാസ് എല്ലപ്പെട്ടി | 10,000.00 |
| സെന്റ് തെരേസാസ് എല്ലപ്പെട്ടി | 5,000.00 |
| ലിറ്റിൽ ഫ്ളവർ കാന്തല്ലൂർ | 9,730.00 |
| സെന്റ് ജൂഡ്സ് ദിണ്ഡികൊമ്പ് | 2,000.00 |
| സെന്റ് ജൂഡ്സ് ദിണ്ഡികൊമ്പ് | 10,000.00 |
| മൗണ്ട് കാർമ്മൽ തിരുവഞ്ചൂർ | 11,969.00 |
| സെന്റ് ജോസഫ്സ് പൊടിമറ്റം | 10,000.00 |
| സെന്റ് ജോസഫ്സ് പൊടിമറ്റം | 10,000.00 |
| സെന്റ് ജോസഫ്സ് പൊടിമറ്റം | 2,450.00 |
| സെന്റ് ജോസഫ്സ് നെടുങ്ങപ്ര | 3,000.00 |
| സെന്റ് ജൂഡ്സ് ദിണ്ഡികൊമ്പ് | 8,000.00 |
| ഹോളി ക്രോസ് മണ്ണയ്ക്കനാട് | 10,000.00 |
| ലിറ്റിൽ ഫ്ളവർ റാന്നി | 8,410.00 |
| സെന്റ് സെബാസ്റ്റ്യൻസ് ചീന്തലാർ | 36,000.00 |
| സേക്രട്ട് ഹാർട്ട് പാമ്പനാർ | 10,000.00 |
| സേക്രട്ട് ഹാർട്ട് പാമ്പനാർ | 8,000.00 |
| സേക്രട്ട് ഹാർട്ട് പാമ്പനാർ | 10,000.00 |
| സേക്രട്ട് ഹാർട്ട് പാമ്പനാർ | 10,000.00 |
| സേക്രട്ട് ഹാർട്ട് പാമ്പനാർ | 5,000.00 |
| ലിറ്റിൽ ഫ്ളവർ കോഴിപ്പള്ളി | 16,435.00 |
| സെന്റ് ജോസഫ്സ് 20 ഏക്കർ | 14,300.00 |
| സെന്റ് മേരീസ് നട്ടാശ്ശേരി | 6,000.00 |
| സെന്റ് മേരീസ് തെള്ളകം | 26,989.00 |

| | |
|---|---|
| സെന്റ് സേവ്യേഴ്സ് കുറിച്ചി | 20,000.00 |
| സെന്റ് സേവ്യേഴ്സ് കുറിച്ചി | 10,000.00 |
| സെന്റ് സേവ്യേഴ്സ് കുറിച്ചി | 10,000.00 |
| ഗാഡലൂപ്പാ പാല | 20,000.00 |
| സെന്റ് ആന്റണീസ് തലയാർ | 7,285.00 |
| സെന്റ് മേരീസ് കുറുമുള്ളൂർ | 10,000.00 |
| സെന്റ് മേരീസ് കുറുമുള്ളൂർ | 10,000.00 |
| സെന്റ് മേരീസ് കുറുമുള്ളൂർ | 10,000.00 |
| മൗണ്ട് കാർമ്മൽ കവളങ്ങാട് | 10,000.00 |
| സെന്റ് മേരീസ് എലക്കാട് | 32,930.00 |
| സെന്റ് ജോസഫ് തിരുവല്ല | 10,000.00 |
| സെന്റ് ജോസഫ് തിരുവല്ല | 10,000.00 |
| മൗണ്ട് കാർമ്മൽ കുന്നുംഭാഗം | 133.00 |
| സെന്റ് ജോസഫ്സ് തിരുവല്ല | 10,000.00 |
| സെന്റ് ജോസഫ്സ് തിരുവല്ല | 10,000.00 |
| സെന്റ് ജോസഫ്സ് തിരുവല്ല | 10,000.00 |
| സെന്റ് ജോസഫ്സ് തിരുവല്ല | 10,000.00 |
| സെന്റ് ജോസഫ്സ് ഏന്തയാർ | 3,766.00 |
| ഹോളി ഫാമിലി ഇടമൺ | 5,000.00 |
| മേരിഗിരി കല്ലാർ | 10,105.00 |
| അസംപ്ഷൻ വണ്ടിപ്പെരിയാർ | 10,000.00 |
| അസംപ്ഷൻ വണ്ടിപ്പെരിയാർ | 2,000.00 |
| സെന്റ് മാർട്ടിൻ ഡി പോറസ് അടിമാലി | 10,000.00 |
| സെന്റ് മാർട്ടിൻ ഡി പോറസ് അടിമാലി | 2,000.00 |
| സെന്റ് ജോസഫ്സ് പൂവം | 28,200.00 |
| ശാന്തൻപാറ ഇൻഫന്റ് ജീസസ് | 15,252.00 |
| സെന്റ് പോൾസ് വെട്ടിമുകൾ | 15,000.00 |
| ക്രൈസ്റ്റ് ദ കിംഗ്, മൂവാറ്റുപുഴ | 20,000.00 |
| ലിറ്റിൽ ഫ്ളവർ വനവാതുക്കര | 10,000.00 |
| സെന്റ് ആന്റണീസ് ചപ്പാത്ത് | 5,000.00 |
| സെന്റ് ആന്റണീസ് ചപ്പാത്ത് | 10,000.00 |
| സെന്റ് തെരേസാസ് തൊടുപ്പുഴ | 8,000.00 |
| സെന്റ് ജൂഡ് കല്ലാർ | 8,450.00 |
| സെന്റ് തെരേസാസ് തൊടുപ്പുഴ | 2,960.00 |
| സെന്റ് മേരീസ് മണർകാട് | 18,132.00 |
| സെന്റ് ജോസഫ് എരുമേലി | 8,000.00 |
| സെന്റ് ജോസഫ് എരുമേലി | 4,500.00 |

| | |
|---|---|
| നിത്യസഹായമാതാ ചിത്തിരപുരം | 10,000.00 |
| നിത്യസഹായമാതാ ചിത്തിരപുരം | 10,000.00 |
| ലൂർദ്ദ് കുമളി | 20,000.00 |
| നിത്യസഹായമാതാ ചിത്തിരപുരം | 8,500.00 |
| സെന്റ ജോൺ ദ ബാപ്റ്റിസ്റ്റ് വേളൂർ | 8,000.00 |
| സെന്റ ജോൺ ദ ബാപ്റ്റിസ്റ്റ് വേളൂർ | 3,875.00 |
| സെന്റ് മേരീസ് മുണ്ടക്കയം | 62,825.00 |
| സെന്റ് മേരീസ് വടവാതൂർ | 17,100.00 |
| സെന്റ് പീറ്റേഴ്സ് കുമരകം | 4,550.00 |
| മേരി മൗണ്ട് ചങ്ങനാശ്ശേരി | 11,600.00 |
| സെന്റ് മേരീസ് കാണക്കാരി | 950.00 |
| സെന്റ് തെരേസാസ് എല്ലപ്പെട്ടി | 10,000.00 |
| സെന്റ് ജോസഫ്സ് ചെങ്ങളം | 16,736.00 |
| സെന്റ് മൈക്കിൾസ് പൊതി | 10,000.00 |
| സെന്റ് മൈക്കിൾസ് പൊതി | 10,000.00 |
| സെന്റ് മൈക്കിൾസ് പൊതി | 10,000.00 |
| സെന്റ് മൈക്കിൾസ് പൊതി | 1,340.00 |
| സെന്റ് ആൻസ് പള്ളിവാസൽ | 7,000.00 |
| ഹോളി ഫാമിലി കഞ്ഞിക്കുഴി | 5,875.00 |




മാരാമൺ കരിസ്മാറ്റിക് കൺവൻഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് ഉദ്ഘാടനം ചെയ്യുന്നു

# ആത്മാവിന്റെ കൈയ്യൊപ്പുള്ള മാർസെലിനോ അച്ചൻ

ഫാ. അനോഷ് പൂവക്കാട്ടുതറപ്പിൽ, സ്പെയിൻ

**1. ആമുഖം**

രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ അനുസ്മരിപ്പിക്കുന്ന സത്യം സഭ അവളുടെ സ്വഭാവത്താൽ തന്നെ പ്രേഷിതയാണെന്നാണ്. സഭ ഈ ലോകത്തിൽ ആയിരിക്കുന്നതു തന്നെ ക്രിസ്തുവിനെ ഈ ലോകത്തിനു നല്കുവാനാണ്. ഈ പ്രേഷിതദൗത്യം ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ക്രൈസ്തവനുമുണ്ട്. സുവിശേഷം പ്രസംഗിക്കുക, അതനുസരിച്ച് ജീവിക്കുക എന്നത് ഈ ക്രൈസ്തവന്റെ ഔദാര്യമല്ല മറിച്ച ഒഴിവാക്കാനാവാത്ത കടമയാണ്.

അനേകായിരം പ്രേഷിതവര്യന്മാരുടെ പാദസ്പർശംകൊണ്ടു അനുഗ്രഹിക്കപ്പെട്ട ധന്യ ഭൂമിയാണ് വിജയപുരം രൂപത. നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്ത പ്രേഷിതരിൽ പ്രമുഖനാണ് റവ.ഫാ. മാർസെലിനോ ഇറാഗുയി റെഡിൻ. ഇൻഫന്റ് ജീസസ് മൈനർ സെമിനാരി റെക്ടറായി 1955 മുതൽ 1957 വരെ ശുശ്രൂഷ ചെയ്ത മാർസെലിനോ അച്ചൻ തന്റെ തൊണ്ണൂറി ആറാം വയസിൽ വിറ്റോറിയയിൽ (വിശുദ്ധ ജോവാക്കിം പ്രവിശ്യ, നവാര) നിര്യാതനായി. സാൽവദോർ സിമിത്തേരിയിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്. ഏഴു ദശാബ്ദത്തോളം നീണ്ട പ്രേഷിത ജീവിതത്തിന് തിരശീല വീണു. ആത്മാക്കളെ ക്രിസ്തുവിനായി നേടുക എന്ന ഏകലക്ഷ്യത്തോടെ മാത്രം ജീവിച്ച ആ പ്രേഷിത താരത്തിന്റെ ദീപ്തമായ ഓർമയിലേക്ക് ഒരു യാത്ര.

**2. ഒരു പ്രേഷിതൻ രൂപം കൊള്ളുന്നു.**

കേരളത്തിന്റെ സുവിശേഷവത്ക്കരണത്തിൽ വലിയ പങ്കു വഹിച്ചിട്ടുള്ള വിശുദ്ധരായ അനേകം കർമലീത്ത പ്രേഷിതരെ സംഭാവന ചെയ്തിട്ടുള്ള സ്പെയിനിലെ നവാര പ്രവിശ്യയിലെ പാമ്പലോണയിലെ നവാസ് ഗ്രാമത്തിൽ മാർസെലിനോ ഇറാഗുയി റെഡിൻ 1927 മാർച്ച് മാസം 10 തീയതി നിക്കോളാസ് ഇറാഗുയിയുടെയും ഇസിഡോറാ റെഡിന്റെയും പുത്രനായി ഭൂജാതനായി. തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ അദ്ദേഹം നവരയിലെ വിയ്യാഫ്രാങ്കയിലെ പ്രിപ്പറേറ്ററി സ്കൂളിൽ ലാറ്റിൻ പഠനത്തിനായി ചേർന്നു. നാലു വർഷത്തെ വിജയകരമായ പഠനത്തിനുശേഷം 1944 ജൂലൈ 11ന് ലറെയായിൽ നോവിഷ്യേറ്റിൽ പ്രവേശിച്ചു തിരുവസ്ത്രം സ്വീകരിക്കുകയും പ്രഥമ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു. തുടർന്ന് വിറ്റോറിയയിലെ കാർമലൈറ്റ് കമ്മ്യൂണിറ്റിയിൽ 1944 മുതൽ 1947 വരെ തത്ത്വശാസ്ത്ര പഠനം പൂർത്തിയാക്കി. 1948 സെപ്റ്റംബർ 19ന് അദ്ദേഹം ബിൽബാവോയിലെ ബെഗോഞ്ഞ എന്നു പേരായ കർമലീത്ത ഭവന

ത്തിൽ നിത്യവ്രതവാഗ്ദാനം നടത്തി. 1947 മുതൽ 1949 വരെ ദൈവശാസ്ത്ര പഠനത്തിന്റെ ആദ്യ രണ്ട് വർഷങ്ങൾ ബെഗോഞ്ഞയിൽ തന്നെ നടത്തി. ശേഷം 1949 ജൂലൈ 6ന് അദ്ദേഹം ഇന്ത്യയിൽ എത്തുകയും തുടർന്ന് ദൈവശാസ്ത്ര പഠനത്തിന്റെ അവസാനവർഷം 1949 മുതൽ 1951 വരെ ആലുവ മംഗലപ്പുഴ സെമിനാരിയിൽ പൂർത്തിയാക്കുകയും ചെയ്തു. തന്റെ വൈദിക ജീവിതത്തിലേക്കുള്ള യാത്രയിൽ 1948 മാർച്ച് 12 ന് മുടി മുറിക്കുകയും തൊട്ടടുത്ത ദിവസം മാർച്ച് 13 ന് വായനാ പട്ടം സ്വീകരിക്കുകയും അതേ വർഷം ജൂൺ 29 ന് അൾത്താര ശുശ്രൂഷ പട്ടം സ്വീകരിക്കുകയും ചെയ്തു. 1951 മാർച്ച് 10ന് സബ് ഡയക്കനേറ്റും 1951 മാർച്ച് 11 ന് ഡീക്കൻ പട്ടവും സ്വീകരിച്ചശേഷം അടുത്ത ദിവസം തന്നെ 1951 മാർച്ച് 12 ന് അദ്ദേഹം വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു.

വലിയ സന്തോഷത്തിന്റെ ആ ദിനത്തിൽ തന്നെ ഒരു മുള്ളുപോലെ പിതാവിന്റെ നിര്യാണ വാർത്തയും അദ്ദേഹത്തെ  തേടിയെത്തി. മാർസെലിനോ അച്ചന്റെ പ്രേഷിത യാത്ര ആരംഭിക്കുന്നത് ആലുവ സെമിനാരിയിലെ പ്രൊഫസറായിട്ടാണ്. 1951 മാർച്ച് മുതൽ 1955 മാർച്ച് വരെ അദ്ദേഹം ആലുവ സെമിനാരിയിൽ സെമിനാരിയിൽ ലാറ്റിനും തത്വശാസ്ത്രവും ആധ്യാത്മിക ദൈവശാസ്ത്രവും പഠിപ്പിച്ചു. വൈദികാർഥികളുടെ രൂപീകരണത്തിൽ വലിയ മികവു പുലർത്തിയ മാർസെലിനോ അച്ചനെ മംഗലപ്പുഴയിൽ നിന്നും വിജയപുരം ഇൻഫന്റ് ജീസസ് മൈനർ സെമിനാരിയിലേക്ക് കൊണ്ടു വരികയും 1955 മുതൽ 1957 വരെ റെക്ടറായി നിയമിക്കുകയും ചെയ്തു. ഈ സമയത്ത് അദ്ദേഹം രൂപത ഉപദേശ സമിതിയിലെ അംഗവുമായിരുന്നു. തുടർന്ന് 1957 സെപ്റ്റംബർ മുതൽ 1958 സെപ്റ്റംബർ വരെ വീണ്ടും അദ്ദേഹം ആലുവ സെമിനാരിയിൽ അധ്യാപകനായി. ശേഷം അദ്ദേഹം 1958 ൽ റോമിലെ ആഞ്ചലിക്കും യൂണിവേഴ്സിറ്റിയിലേക്ക് തന്റെ ഉപരിപഠനത്തിനായി പോയശേഷം തിരിച്ചുവന്ന് ആലവ സെമിനാരിയിൽ തന്നെ അധ്യാപകനായി തുടരുകയും ചെയ്തു. അമ്മയുടെ ആരോഗ്യസ്ഥിതി വളരെ മോശമായപ്പോൾ 1959 സെപ്റ്റംബർ മാസം ജന്മനാട്ടിലേക്കുപോയ മാർസെലിനോ അച്ചൻ തന്റെ വത്സല മാതാവിന്റെ മരണശേഷം 1960 ൽ തന്റെ കർമ്മമണ്ഡലത്തിൽ തിരിച്ചെത്തി.

**3. ഭാരതത്തിന്റെ ഹൃദയത്തെ തൊട്ടറിഞ്ഞ പ്രേഷിതൻ :**

ഭാരതത്തിൽ മുഴുവൻ സുവിശേഷം എത്തിക്കുക എന്ന ഏക ലക്ഷ്യത്തോടെ അദ്ദേഹം സാധാരണക്കാരോടൊപ്പം ഭാരതം മുഴുവൻ ഒരു അവധൂതനെപ്പോലെ യാത്ര ചെയ്യുകയും സുവിശേഷ സന്ദേശം അനേകർക്കു പകർന്നു നല്കുകയും ചെയ്തു. സുവിശേഷവത്ക്കരണത്തിൽ കരിസ്മാറ്റിക പ്രസ്ഥാനത്തിന് വലിയ പങ്ക് വഹിക്കാനാകും എന്നു മനസ്സിലാക്കിയ അദ്ദേഹം കേരളത്തിലെ കരിസ്മാറ്റിക്ക് പ്രസ്ഥാനത്തിന്റെയും ആദ്യകാല പ്രവർത്തകനായിരുന്നു. ക്രൈസ്തവ മൂല്യങ്ങൾക്കനുസരിച്ച് യുവതീയുവാക്കളെ ക്രിസ്തുവിൽ രൂപവത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ

ആരംഭിച്ച ജീസസ് യൂത്തിന്റെ ആദ്യകാല നേതാക്കളെ പരിശീലിപ്പിച്ചത് അദ്ദേഹമായിരുന്നു.

1964-ൽ വി. പോൾ ആറാമൻ പാപ്പ ഇന്ത്യ സന്ദർശിച്ച വേളയിൽ അതിന്റെ ഒരുക്കങ്ങളിൽ സജീവമായി പങ്കെടുത്തു. ക്രിസ്തുവിനായി പ്രേഷിതരെ രൂപീകരിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു ആ കർമയോഗി. മഞ്ഞുമ്മലിലെ ധ്യാനകേന്ദ്രത്തിലും ഗോവയിലെ മാത്തർ ദേയി, ബാംഗ്ലൂരിലെ സുദീപ് എന്നീ ആത്മീയ സ്ഥാപനങ്ങളിലൂടെയും അദ്ദേഹം തന്റെ പ്രേഷിത പ്രവർത്തനം തുടർന്നുപോന്നു.

1980 മുതൽ കർമലീത്ത മൈസൂർ പ്രവിശ്യയിൽ തന്റെ പ്രേഷിത പ്രവർത്തനം തുടർന്നു. ഭാരതത്തിനു പുറമേ സിംഗപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിലും തന്റെ പ്രേഷിത പ്രവർത്തനം നടത്തി. 1984-ൽ തന്റെ ജന്മദേശത്തേക്കു മടങ്ങി. തുടർന്ന് ലറെയാ ആത്മീയ കേന്ദ്രത്തിലെ സമൂഹാംഗമായി തീർന്ന അദ്ദേഹം തൂലികയിലൂടെ അനേകായിരങ്ങളെ ക്രിസ്തുവിനുവേണ്ടി നേടി. അദ്ദേഹത്തിന്റെ തൂലികയിലൂടെ അനേകം ഇംഗ്ലീഷ് കൃതികളും 17 സ്പാനിഷ് കൃതികളും പിറവിയെടുത്തു.

അറിയപ്പെടുന്ന വാഗ്മി കൂടിയായ അദ്ദേഹം ശരീരികമായ അവശത മൂലം വിറ്റോറിയ പ്രവിശ്യയിലെ കർമലീത്ത ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. 2023 ഫെബ്രുവരി ഒന്നാം തീയതി നിര്യാതനാവുകയും മൂന്നാം തീയതി അദ്ദേഹത്തെ സംസ്കരിക്കുകയും ചെയ്തു. അദ്ദേഹത്തെ സന്ദർശിച്ച സ്പെയിനിൽ ഉപരിപഠനം നടത്തുന്ന അനോഷ് അച്ചനോടും അജിത്ത് അച്ചനോടും വിജയപുരം രൂപതയെ കുറിച്ചുള്ള മങ്ങാത്ത സ്മരണകൾ പങ്കുവച്ചിരുന്നു. വിജയപുരം രൂപതയെ അത്യധികം സ്നേഹിച്ച അദ്ദേഹത്തിന്റെ അന്ത്യകർമ്മങ്ങൾക്കു നേതൃത്വം നല്കുവാൻ രൂപതയുടെ പുത്രനെ സജ്ജമാക്കിയത് ദൈവത്തിന്റെ മറ്റൊരു നിയോഗം ആയിരിക്കാം.

**4. കുടുംബം വിശുദ്ധിയുടെ വിളനിലം**

വിശുദ്ധരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് കുടുംബമാണ് വിശുദ്ധിയുടെ വിളനിലം എന്നാണ്. വിശുദ്ധരായ അഗസ്റ്റിനും കൊച്ചുത്രേസ്യയും ഡോൺ ബോസ്ക്കോയും മദർ തെരേസയും തങ്ങളുടെ വിളി തിരിച്ചറിയുന്നതിൽ കുടുംബം വഹിച്ച പങ്കിനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.

മാർസെലിൻ അച്ചന്റെ ജീവിതത്തിൽ അദ്ദേഹം ഒരു മിഷനറി ആകുന്നതിൽ പ്രേഷിത ചൈതന്യം നിറഞ്ഞു നിന്ന അദ്ദേഹത്തിന്റെ കുടുംബം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മൂത്ത സഹോദരന്മാരായ പേദ്രോയും ജൂലിയനും കർമലീത്ത വൈദികരാണ്. അദ്ദേഹത്തിന്റെ മറ്റൊരു സഹോദരൻ മാനുവേൽ പാരമ്പര്യ കർമ്മലീത്ത വൈദികനായിരുന്നു. അദ്ദേഹത്തിന്റെ സഹാദരി ഹുവാനീത്ത കർമലീത്ത മിണ്ടാമഠത്തിലെ അംഗമായിരുന്നു. മറ്റൊരു സഹോദരി സബീന റുവാണ്ട, ബുറുണ്ടി എന്നീ രാജ്യങ്ങളിൽ മിഷനറി പ്രവർത്തനം ചെയ്തതിന് ശേഷം ഇപ്പോൾ മാഡ്രിഡിൽ വിശ്രമജീവിതം നയിക്കുന്നു.

നമ്മെ വിശ്വാസത്തിൽ നിലനിർത്തുന്നതിലും വളർത്തുന്നതിലും കുടുംബങ്ങൾക്ക് വലിയ പങ്കുണ്ട്. Mary Eberstadt തന്റെ അന്വേഷണങ്ങളുടെ ഫലമായി എഴുതിയ How the west really Lost God എന്ന ഗ്രന്ഥത്തിൽ പറയുന്നത് പാശ്ചാത്യരാജ്യങ്ങളിൽ വിശ്വാസം ക്ഷയിച്ചതു കൊണ്ടല്ല കുടുംബങ്ങൾ തകർന്നത് മറിച്ച് കുടുംബങ്ങൾ തകർന്നതു കൊണ്ടാണ് വിശ്വാസം ക്ഷയിച്ചത് എന്നാണ്. ചുരുക്കത്തിൽ സഭയിലും സമൂഹത്തിലും കുടുംബത്തിനു വലിയ സ്ഥാനം ഉണ്ട്. മാർസെലിൻ അച്ചനെ രൂപപ്പെടുത്തുന്നതിൽ കുടുംബത്തിലെ പ്രേഷിത അന്തരീക്ഷത്തിനു വലിയ സ്ഥാനമുണ്ടായിരുന്നു.

**5. ഉപസംഹാരം**

അനേകം വിശുദ്ധരായ മിഷനറിമാരുടെ പാദസ്പരശമേറ്റ പുണഭൂമിയാണ് വിജയപുരം രൂപത. ഈ പുണ്യപ്രേഷിതരിൽ നിന്നും വിശ്വാസത്തിന്റെ തിരിനാളും ഏറ്റുവാങ്ങിയ നമുക്ക് ഈ വിശ്വാസത്തെ പ്രതി അഭിമാനിക്കാം. പ്രേഷിത ചൈതന്യത്തിൽ കേരളത്തിലെ രൂപതകളിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ രൂപതയിൽ നിന്നും അനേകം പ്രേഷിതർ ഉദയം ചെയ്യണം. ഭാഗ്യസ്മരണാർഹനായ ബെനഡിക്റ്റ് പാപ്പ ആഹ്വാനം ചെയ്യുന്നതുപോലെ മിഷൻ സഭ മിഷനറി സഭകൾ ആകണം. തങ്ങൾക്ക് ഒരിക്കൽ വിശ്വാസം പകർന്നു തന്ന സ്ഥലത്തേക്ക് പ്രേഷതരായി കടന്ന ചെല്ലണം. നമ്മുടെ രൂപത പിറവികൊണ്ടതിന്റെ ശതാബ്ദിയിലേക്ക് 2030 -ൽ പ്രവേശിക്കുന്ന നമുക്ക്, നമ്മുടെ മക്കളിൽ നിന്നും അനേകം പ്രേഷിത രത്നങ്ങളെ നല്കാൻ സാധിച്ചാൽ അതായിരിക്കും ലോകത്തിനും സഭയ്ക്കും നൽകാവുന്ന വലിയ സമ്മാനം







ലൈഫ് ഓറിയന്റേഷൻ ട്രെയിനിംഗ് 2022–2023 ആദ്യബാച്ച്

## വിശുദ്ധ അന്തോണീസിന്റെ നൊവേനത്തിരുനാൾ

നാഗമ്പടം തീർത്ഥാടനകേന്ദ്രത്തിൽ, അത്ഭുതപ്രവർത്തകനും അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനുമായ വി. അന്തോണീസിന്റെ നൊവേനത്തിരുനാൾ ഈ വർഷം ഏപ്രിൽ 11 ചൊവ്വാ മുതൽ ഏപ്രിൽ 23 ഞായർ വരെ തീയതികളിൽ ഭക്തിസാന്ദ്രമായ തിരുക്കർമ്മങ്ങളോടെ ആഘോഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ,**
**ഫാ. അജി ചെറുകാക്രാംചേരിൽ,**
**ഫാ. ഹിലാരി ജോസഫ് തെക്കേക്കുറ്റ്**
**ഫാ. ജസ്റ്റിൻ കാരാംകുന്നേൽ**

**2023 ഏപ്രിൽ 11 ചൊവ്വ**

**5.15 am** : ജപമാല
**6.00 am** : ദിവ്യബലി, നൊവേന, ആരാധന
**8.00 am** : ദിവ്യബലി, നൊവേന, ആരാധന
**10.00 am** : ദിവ്യബലി, നൊവേന, ആരാധന
**11.45 a.m** : തിരുനാൾ കൊടിയേറ്റ്
റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ
**12.00 noon** : ദിവ്യബലി, നൊവേന, ആരാധന
**02.00 pm** : ദിവ്യബലി, നൊവേന, ആരാധന
**4.15 pm** : ജപമാല
**5.00 pm** : ദിവ്യബലി, നൊവേന, ആരാധന

**2023 ഏപ്രിൽ 12 ബുധൻ**

**9.15 am** : ജപമാല
**10.00 am** : ദിവ്യബലി, നൊവേന, ആരാധന
വെരി റവ.ഫാ. ഇമ്മാനുവേൽ ചെമ്പാറ
**4.15 pm** : ജപമാല
**5.00 pm** : ദിവ്യബലി, നൊവേന, ആരാധന
റവ.ഫാ. ഫ്രാൻസിസ് നെടുംപറമ്പിൽ

**2023 ഏപ്രിൽ 13 വ്യാഴം**

**9.15 am** : ജപമാല
**10.00 am** : ദിവ്യബലി, നൊവേന, ആരാധന
റവ.ഫാ. തോമസ് പഴവക്കാട്ടിൽ
റവ.ഫാ. ജോസഫ് പടികരമല
**4.15 pm** : ജപമാല
**5.00 pm** : ദിവ്യബലി, നൊവേന, ആരാധന
റവ.ഫാ. അഗസ്റ്റിൻ മേച്ചേരിൽ
റവ.ഫാ. ലിനോസ് ബിവേര

**2023 ഏപ്രിൽ 14 വെള്ളി**

9.15 am : ജപമാല
10.00 am : ദിവ്യബലി, നൊവേന, ആരാധന
റവ.ഫാ. സേവ്യർ തൈപ്പാടത്ത് OSJ
റവ.ഫാ. റെക്സൻ പങ്കേത്ത് OSJ
4.15 pm : ജപമാല
5.00 pm : ദിവ്യബലി, നൊവേന, ആരാധന
വെരി. റവ.ഫാ. ജോസ്‌ലിൻ പീടിയാക്കൽ OCD
റവ.ഫാ. സേവ്യർ മാമ്മൂട്ടിൽ

**2023 ഏപ്രിൽ 15 ശനി**

9.15 am : ജപമാല
10.00 am : ദിവ്യബലി, നൊവേന, ആരാധന
റവ.ഫാ. സെബാസ്റ്റ്യൻ ഓലിക്കര
റവ.ഫാ. ജോസഫ് മീനായിക്കോടത്ത്
4.15 pm : ജപമാല
5.00 pm : ദിവ്യബലി, നൊവേന, ആരാധന
റവ.ഫാ. ജെയിംസ് മുല്ലശേരി CMI

**2023 ഏപ്രിൽ 16 ഞായർ**

9.15 am : ജപമാല
10.00 am : ദിവ്യബലി, നൊവേന, ആരാധന
റവ.ഫാ. ജോർജ്ജ് ജോൺ മേരിമംഗലം
റവ.ഫാ. ജോസഫ് കളത്തിൽ
റവ. ഫാ അൽഫോൻസ് ചക്കാലക്കൽ
4.15 pm : ജപമാല
5.00 pm : ദിവ്യബലി, നൊവേന, ആരാധന
റവ.ഫാ. ജെസ്റ്റിൻ കാരാംകുന്നേൽ CFIC

**2023 ഏപ്രിൽ 17 തിങ്കൾ**

9.15 am : ജപമാല
10.00 am : ദിവ്യബലി, നൊവേന, ആരാധന
റവ.ഫാ. ആഗ്നൽ ഡൊമിനിക് റോഡ്രിഗ്സ്
റവ.ഫാ. ബ്രിട്ടോ വില്ലുകുളം, റവ.ഫാ. ജിസ് ആനിക്കൽ
4.15 pm : ജപമാല
5.00 pm : ദിവ്യബലി, നൊവേന, ആരാധന
റവ.ഫാ. ജോസഫ് പൂവത്തുങ്കൽ
റവ.ഫാ. അരുൺ CSC

**2023 ഏപ്രിൽ 18 ചൊവ്വ**

5.15 am : ജപമാല
6.00 am : ദിവ്യബലി, നൊവേന, ആരാധന
8.00 am : ദിവ്യബലി, നൊവേന, ആരാധന

| | | |
|---|---|---|
| 10.00 am | : | ദിവ്യബലി, നൊവേന, ആരാധന |
| 12.00 noon | : | ദിവ്യബലി, നൊവേന, ആരാധന |
| 2.00 pm | : | ദിവ്യബലി, നൊവേന, ആരാധന |
| 4.15 pm | : | ജപമാല |
| 5.00 pm | : | ദിവ്യബലി |

**2023 ഏപ്രിൽ 19 ബുധൻ**

| | | |
|---|---|---|
| 9.15 am | : | ജപമാല |
| 10.00 am | : | ദിവ്യബലി, നൊവേന, ആരാധന<br>റവ.ഫാ. ജോസഫ് നെടുനിലത്ത്<br>റവ.ഫാ. പീറ്റർ കുട്ടൻപറമ്പിൽ<br>റവ.ഫാ. ജെസ്റ്റിൻ പിൻഹീറോ |
| 4.15 pm | : | ജപമാല |
| 5.00 pm | : | ദിവ്യബലി, നൊവേന, ആരാധന<br>റവ.ഫാ. മാത്യു ഒഴത്തിൽ<br>റവ.ഫാ. ജോഫി വല്ലത്തുംചിറ |

**2023 ഏപ്രിൽ 20 വ്യാഴം**

| | | |
|---|---|---|
| 9.15 am | : | ജപമാല |
| 10.00 am | : | ദിവ്യബലി, നൊവേന, ആരാധന<br>വെ.റവ.ഫാ.ടോം ജോസ്<br>റവ.ഫാ. ജോബ് കുഴിവയലിൽ |
| 4.15 pm | : | ജപമാല |
| 5.00 pm | : | ദിവ്യബലി, നൊവേന, ആരാധന<br>റവ.മോൺ ഹെൻറി കൊച്ചുപറമ്പിൽ<br>റവ.ഫാ. റൊണാൾഡ് മാത്യു പുത്തൻപറമ്പിൽ |

**2023 ഏപ്രിൽ 21 വെള്ളി**

| | | |
|---|---|---|
| 9.15 am | : | ജപമാല |
| 10.00 am | : | ദിവ്യബലി, നൊവേന, ആരാധന<br>റവ.ഫാ. വർഗീസ് കോട്ടക്കാട്ട് |
| 4.15 pm | : | ജപമാല |
| 5.00 pm | : | ദിവ്യബലി, നൊവേന, ആരാധന<br>റൈറ്റ്.റവ. മോൺ. ജോസ് നവസ് പുത്തൻപറമ്പിൽ |

**2023 ഏപ്രിൽ 22 ശനി**

| | | |
|---|---|---|
| 9.15 am | : | ജപമാല |
| 10.00 am | : | ദിവ്യബലി, നൊവേന, ആരാധന<br>റവ.ഫാ. ജോസഫ് പൂവത്തുകാട് |
| 4.15 pm | : | ജപമാല |
| 5.00 pm | : | സമൂഹബലി<br>വെരി. റവ. മോൺ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ<br>റവ. ഡോ. ആന്റണി പാട്ടപ്പറമ്പിൽ |

**പ്രദക്ഷിണം**

2023 ഏപ്രിൽ 23

**2.00 pm : ജപമാല**

**ആഘോഷപൂർവമായ തിരുനാൾ പൊന്തിഫിക്കൽ ദിവ്യബലി**

*മുഖ്യകാർമ്മികൻ*

**അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്**

നൊവേന, സൗഖ്യശുശ്രൂഷ, ദിവ്യകാരുണ്യപ്രദക്ഷിണം

---




## ജന്മദിനാശംസകൾ

## ഏപ്രിൽ

04. ഫാ. ഫെലിക്സ് പുറത്തേപ്പറമ്പിൽ
06. മോൺ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ
10. ഫാ. മാത്യു സോജൻ കല്ലേൽ
13. ഫാ. ഫ്രാൻസിസ് വേലശേരി
13. ഫാ. ജോസഫ് കാലായിൽ
14. ഫാ. ജോസഫ് ജോൺ
15. ഫാ. ജോസഫ് പൂവത്തുങ്കൽ
18. ഫാ. പോൾ സജി ചാലാവീട്ടിൽ
23. ഫാ. റൊണാൾഡ് പുത്തൻപറമ്പിൽ
24. ഫാ. ആൽബർട്ട് കുമ്പളോലിൽ

## പരേതരെ സ്മരിക്കാം – ഏപ്രിൽ

| | | |
|---|---|---|
| 04 | (1995) | ബിഷപ് വിക്ടർ സാൻ മിഗ്വേൽ ഒ.സി.ഡി. |
| 05 | (2014) | മോൺ. തോമസ് മറ്റത്തിൽ |
| 06 | (2016) | ഫാ. അഗസ്റ്റിൻ വൈരമൺ |
| 11 | (1947) | ഫാ. ആഞ്ചെലൂസ് ഒ.സി.ഡി. |
| 12 | (1951) | ഫാ. ലിഗോരി ഒ.സി.ഡി. |
| 21 | (1989) | ഫാ. ജോർജ് സ്രാമ്പിക്കൽ |
| 23 | (1969) | ഫാ. ഗ്രിഗറി പട്ടമന |
| 24 | (1991) | ഫാ. പോൾ പനച്ചിക്കൽ |
| 26 | (1975) | ഫാ. അംബ്രോസ് ഒ.സി.ഡി. |
| 26 | (1998) | ഫാ. ലിയോ കട്ടിക്കാട്ടുതറ |
| 28 | (2004) | ഡീക്കൻ റോക്കി കുരിശിങ്കൽ |

# ക്രിസ്തുവിന്റെ ഉത്ഥാനം പ്രത്യാശയിലേക്കുള്ള വിളി

**ഫാ. ജോസഫ് പടികരമല**

**ലോ**കത്തിന്റെ പാപങ്ങൾ ചുമലിലേറ്റി കുരിശിലേറിയ യേശുനാഥൻ മരണത്തെ പരാജയപ്പെടുത്തി മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ ചരിത്ര സംഭവത്തിന്റെ അനുസ്മരണമാണ് ഉത്ഥാന തിരുനാൾ. സ്നേഹത്തിന്റെയും പ്രത്യാശയുടെയും തിരുനാൾ കൂടിയായ ക്രിസ്തുവിന്റെ ഉത്ഥാനം 40 ദിവസത്തെ നോമ്പാചരണത്തിന്റെ വിശുദ്ധിയോടുകൂടിയാണ് വിശ്വാസികൾ ആഘോഷിക്കുന്നത്. ജീവിതത്തിൽ നിരവധിയായ പ്രശ്നങ്ങൾ നേരിടുമ്പോഴും ദുഃഖ സാഹചര്യങ്ങളിലൂടെ കടന്നു പോകുമ്പോഴും ആത്മ വിശ്വാസവും പ്രത്യാശയും ധൈര്യവും പകരുന്നതാണ് യേശുവിന്റെ ഉത്ഥാനം.

ക്രിസ്തുവിന്റെ മരണശേഷം എല്ലാം അവസാനിച്ചു എന്നു കരുതിയവരാണ് യേശുവിന്റെ ശിഷ്യന്മാർ ഇന്നുവരെയും ചെയ്തതെല്ലാം വല ഇനി പഴയ പണിയിലേയ്ക്ക് പോകാം എന്നു ചിന്തിച്ച് നിരാശയിലേക്ക് ശിഷ്യന്മാരെ തന്റെ ഉത്ഥാനാനന്ചരമുള്ള സാന്നിദ്ധ്യം കൊണ്ട് ക്രിസ്തു വീണ്ടും പ്രത്യാശയോടെയുള്ള പുതു ജീവിതം നയിക്കുവാൻ വിളിയ്ക്കുകയാണ്. ക്രിസ്തുവിന്റെ ഉത്ഥാനം ശിഷ്യന്മാരെ തങ്ങൾ ജനിച്ചു നാട്ടിൽ മാത്രമല്ലേ, ലോകം മുഴുവൻ പോകുവാൻ പ്രേരിപ്പിക്കുകയാണ്. ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ചൈതന്യം സ്വീകരിക്കുന്നവന് വെറുതെയിരിക്കുവാൻ കഴിയുകയില്ല എന്ന് മഗ്ദലേന മറിയവും നമ്മെ പഠിപ്പിക്കുകയാണ്. അതുകൊണ്ടാണല്ലോ അവർ കല്ലറയിൽ നിന്ന് ഓടി ക്രിസ്തുവിന്റെ ഉത്ഥാന വാർത്ത അറിയിക്കുവാൻ ശിഷ്യന്മാരുടെ അടുത്തേക്ക് ഓടിയത്.

ഇനിയൊരു തിരിച്ചുവരവ് ഉണ്ടാകില്ല എന്നു കരുതിയവരാണ് ഏറ്റവും വ്യ.. പോയ ശിഷ്യന്മാർ. പക്ഷേ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവരുടെ കണ്ണുകൾക്ക് വെളിച്ചവും ഹൃദയത്തിന് കുളിർമയും നല്കി. അതാണല്ലോ അവരുടെ മടക്കയാത്രയ്ക്ക് കാരണമായി ഭവിച്ചത്. ജീവിതത്തിൽ പ്രതിസന്ധികൾ നേരിടാത്തവരായി ആരുമില്ല. തകർച്ചകൾ ഒന്നൊന്നായി അനുഭവിക്കാത്തവരായി ആരുമുണ്ടാകില്ല. ഇതെല്ലാം ജീവിതത്തെ വല്ലാതെ പിടിച്ചുലച്ചപ്പോൾ ഇതുകൊണ്ട് എല്ലാം അവസാനിച്ചു എന്നു പലപ്പോഴും കരുതിയവരാണ് ഓരോ മനുഷ്യനും. എന്നാല് വേദനകളും സഹനങ്ങളും തകർച്ചകളും ഒന്നും ജീവിതത്തിന്റെ അവസാനമല്ല. മറിച്ച് പുതു ജീവിതത്തിലേക്കുള്ള ചവിട്ടുപടികളാണെന്ന് പഠിപ്പിച്ചവനാണ് ഉത്ഥിതനായ ക്രിസ്തു. ക്രിസ്തുവിന്റെ ഉത്ഥാന പ്രഭ സകല കഷ്ടതകൾക്കും അറുതി വരുത്തുന്ന വെളിച്ചവും ഊർജ്ജവുമാണ്. ക്രിസ്തുവിന്റെ ഉത്ഥാനം നമ്മെ പ്രത്യാശയുടെ ചൈതന്യമാർന്ന ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

| നമ്പർ | സ്ഥലം | പ്രത്യക്ഷവത്കരണം | തിരുബാലസഖ്യദിനം | നോമ്പാചരണം (Hunger & Disease) | കമ്യൂണിയോ ഇന്ത്യ | പി.എം.എ.എസ്. | വിശുദ്ധ നാടുകളുടെ സംരക്ഷണം | ദൈവവിളി ദിനം | വി. പത്രോസിന്റെ സിംഹാസന പിരിവ് | കെ.സി.വൈ.എം. | നീതി ഞായർ | മിഷൻ ഞായർ | മാധ്യമ ഞായർ | കെ.ആർ.എൽ.സി.സി. | ദൈവവചന ഞായർ | കുടുംബപ്രേഷിത ഞായർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | അടിമാലി | 1500 | 1500 | 1000 | 1500 | 5000 | 5000 | 500 | 500 | 500 | 1000 | 50000 | | | | |
| 2 | അമയന്നൂർ | 1500 | 1600 | | 1000 | 1150 | 1830 | 1600 | 1150 | 1300 | 1600 | 45000 | 1500 | 1100 | 850 | 1000 |
| 3 | ആണ്ടൂർ | 700 | 650 | 2000 | | 1000 | 1250 | 550 | 600 | 500 | 750 | 15000 | 500 | 550 | 750 | 600 |
| 4 | അരണക്കൽ | 1097 | 1314 | 3500 | 1266 | 3825 | 1913 | 1410 | 1257 | 1117 | 1234 | | 1399 | 1250 | 1130 | 1420 |
| 5 | ബിയൽറാവ് | 350 | 400 | 13000 | | 9000 | 6120 | | | | | 125000 | | | | |
| 6 | ചങ്ങനാശ്ശേരി | 2000 | 1500 | 25000 | 750 | 25050 | 26450 | 1500 | 750 | 800 | 1000 | 252222 | 750 | 750 | 750 | 750 |
| 7 | ചപ്പാത്ത് | 750 | 750 | 1500 | 750 | 10000 | | 2500 | 1200 | 1300 | 1500 | 1,20,120 | 1500 | 1500 | 1500 | 1500 |
| 8 | ചാത്തൻതറ | 750 | 750 | 2000 | 750 | 1600 | 1300 | 1200 | 900 | 1000 | 1000 | 20050 | 1000 | 1000 | 1000 | 1000 |
| 9 | ചീന്തലാർ | 1000 | 1000 | 12000 | | 50000 | 10000 | 1500 | 1400 | 1500 | 1500 | 60000 | 1400 | 1500 | 1500 | 1500 |
| 10 | ചെങ്ങളം | 1000 | 1000 | 1200 | 1000 | 5910 | 7760 | 1000 | 1000 | 2000 | 2000 | 66820 | 1500 | 1700 | 2000 | 1800 |
| 11 | ചിന്നക്കനാൽ | 1800 | 1800 | 3600 | 1800 | | 2000 | 2000 | 2000 | 2000 | 2000 | 70260 | 2200 | 1800 | 1910 | 5410 |
| 12 | ചിത്തിരപുരം | 1500 | 5040 | 12500 | 7000 | 13880 | 15180 | | 1500 | 3000 | 4500 | 80000 | 3000 | 1500 | 5000 | 1500 |
| 13 | ദേവികുളം | 5200 | 4680 | 9450 | 6770 | 8700 | 9700 | 3775 | 4540 | 3455 | 4850 | 200000 | 3400 | 3200 | 2800 | 4700 |
| 14 | ദിണ്ഡികൊമ്പ് | 1000 | 1000 | 1000 | 1000 | 16160 | 1000 | | 2000 | 2800 | 3000 | 35000 | 2850 | 3000 | | 2750 |
| 15 | ഇടമൺ | 250 | 250 | 500 | 300 | 1500 | 1000 | 300 | | | | 20160 | | | | |
| 16 | ഇലക്കാട് | 350 | 375 | 1000 | | 1200 | 750 | 700 | 550 | 700 | 600 | 10100 | | | | 750 |
| 17 | ഏലപ്പാറ | 3100 | 2950 | 4000 | 3050 | 8500 | 3250 | 3500 | 3270 | 2850 | 3100 | 1,22200 | | | | |
| 18 | എലിക്കുളം | 230 | 260 | 300 | 300 | 320 | 400 | 200 | 225 | 210 | 290 | 11000 | 200 | 210 | 250 | 220 |
| 19 | എരുമേലി | 1000 | 500 | 1000 | 1000 | 2000 | 1300 | 1000 | 500 | 1000 | 800 | 23320 | 500 | 500 | 500 | 500 |
| 20 | ഗൂഡാർവിള | 1480 | 2010 | | | | | | | | | 36000 | | | | |
| 21 | ഇടുക്കി | 1200 | 1250 | 1500 | 1000 | | 1200 | 950 | 1000 | | | | | | | |
| 22 | കല്ലാർ (വട്ടിയാർ) | 500 | 500 | 1500 | | | 1500 | 1000 | 1000 | 500 | 500 | 25000 | 500 | 500 | 500 | |

| നമ്പർ | സ്ഥലം | പ്രത്യക്ഷവത്കരണം | തിരുബാലസഖ്യദിനം | നോമ്പാചരണം (Hunger & Disease) | കമ്മ്യൂണിയോ ഇന്ത്യ | പി.എം.എ.എസ്. | വിശുദ്ധ നാടുകളുടെ സംരക്ഷണം | ദൈവവിളി ദിനം | വി. പത്രോസിന്റെ സിംഹാസന പിരിവ് | കെ.സി.വൈ.എം. | നീതി ഞായർ | മിഷൻ ഞായർ | മാധ്യമ ഞായർ | കെ.ആർ.എൽ.സി.സി. | ദൈവവചന ഞായർ | കുടുംബപ്രേഷിത ഞായർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 23 | കല്ലാർ (മേരിഗിരി) | 300 | 300 | 1000 | 500 | 1400 | 8000 | 300 | 300 | 300 | 300 | 152023 | 300 | 500 | 500 | 500 |
| 24 | കാഞ്ഞിരപ്പാറ | 500 | 500 | 10000 | 1000 | 6000 | 3500 | 1000 | 1000 | 1500 | 6400 | 74800 | 750 | 800 | 1000 | 1000 |
| 25 | കാന്തല്ലൂർ | 1760 | 1620 | 1560 | 760 | 3000 | 3000 | 2020 | 2970 | 3240 | 2460 | 48800 | 1510 | 1300 | 2280 | 2030 |
| 26 | കാട്ടാമ്പാക്ക് | 300 | 200 | 300 | 600 | | 800 | 550 | 650 | 600 | 700 | 5000 | 500 | 500 | 600 | 550 |
| 27 | കട്ടപ്പന | 2670 | 1970 | 6430 | 4250 | 4550 | 5120 | 3640 | 4154 | 2450 | 2870 | 24210 | 2275 | 2890 | 2670 | 2926 |
| 28 | കവളങ്ങാട് | 1650 | 1000 | 3000 | 1000 | 4000 | 3000 | 2000 | 1000 | | 1000 | 41730 | 1000 | 1000 | 1000 | 1000 |
| 29 | കോട്ടയം | 1225 | 1120 | | 1540 | | | | | | 1100 | | | 1380 | 1125 | 1250 |
| 30 | കോഴിപ്പിള്ളി | 1000 | 600 | 10000 | 1500 | 500 | 7000 | 1000 | 1000 | 1000 | 1000 | 45200 | 1000 | 1000 | 1000 | 1000 |
| 31 | കോഴിമല | 1625 | 600 | 2930 | 1710 | 2030 | 2730 | 2250 | 2179 | 1920 | 2120 | 14420 | 1935 | 1389 | 1579 | |
| 32 | കുമരകം | 830 | 1010 | 3780 | 1800 | 1400 | 2200 | | 1400 | 1650 | 1550 | 50001 | 1355 | 1750 | 1900 | 1700 |
| 33 | കുമളി | 2000 | 1500 | 3000 | 22040 | 8610 | 2200 | 1500 | 1500 | 2000 | 2000 | 3,85,385 | 1500 | 2000 | 1500 | 1500 |
| 34 | കുന്നന്താനം | | | | | 6090 | | | | | | 53058 | | | | |
| 35 | കുന്നുംഭാഗം | 125 | 200 | | 150 | 4891 | 6055 | 910 | 980 | 1180 | 1060 | 20000 | 500 | 500 | 500 | 500 |
| 36 | കുറിച്ചി | 2000 | 2000 | 4000 | 3000 | 7000 | 10000 | 2000 | 1500 | 1500 | 1500 | 52500 | 1700 | 1500 | 1300 | 1500 |
| 37 | കുറുമുള്ളൂർ | 2500 | 2500 | 8000 | 2500 | 5020 | 3000 | 3000 | 2500 | 2000 | 2500 | 1,30000 | 2000 | 3000 | 2000 | 2000 |
| 38 | കുട്ടിക്കാനം | 1720 | 450 | 3590 | 1010 | 3700 | 4300 | 1300 | 1030 | 1810 | | 1,14500 | | | | |
| 39 | മറ്റത്തുംഭാഗം | | | 4975 | | 4620 | 5375 | | | | | 27150 | | | | |
| 40 | മധുരവേലി | | 450 | 9498 | 5065 | 13300 | 1970 | 1210 | 750 | 850 | 300 | 5150 | 450 | | | |
| 41 | മണ്ണക്കനാട് | 1000 | 1000 | 2500 | 1000 | 1500 | 1000 | 1100 | 1200 | 1500 | 1350 | 15560 | 1250 | 1300 | 1500 | 1150 |
| 42 | മാരാമൺ | 700 | 700 | 1500 | 500 | | | | | | | 80545 | | | | |
| 43 | മണർകാട് | 300 | 300 | 1500 | 300 | 500 | 800 | 500 | 600 | 500 | 500 | 10000 | 500 | 500 | 500 | 500 |
| 44 | മറയൂർ | 4500 | 5000 | 9000 | | 7000 | 1100 | 5000 | 4500 | 4500 | 5000 | 1,10000 | 4500 | 4500 | 5000 | 4500 |

| നമ്പർ | സ്ഥലം | പ്രത്യക്ഷവത്കരണം | തിരുബാലസഖ്യദിനം | നോമ്പാചരണം (Hunger & Disease) | കമ്മ്യൂണിയോ ഇന്ത്യ | പി.എം.എ.എസ്. | വിശുദ്ധ നാടുകളുടെ സംരക്ഷണം | ദൈവവിളി ദിനം | വി. പത്രോസിന്റെ സിംഹാസന പിരിവ് | കെ.സി.വൈ.എം. | നീതി ഞായർ | മിഷൻ ഞായർ | മാധ്യമ ഞായർ | കെ.ആർ.എൽ.സി.സി. | ദൈവവചന ഞായർ | കുടുംബപ്രേഷിത ഞായർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 45 | മുണ്ടക്കയം | 2400 | 4600 | 21000 | 2800 | 2500 | 4600 | 2800 | 2400 | 460 | | 3,25,252 | | | | |
| 46 | മൂന്നാർ | 17930 | 1200 | 29300 | 3750 | 21740 | 28170 | | | | | 2,62860 | | | 9840 | |
| 47 | മൂവാറ്റുപുഴ | 2400 | 1500 | 5000 | 2000 | | | 3390 | 4000 | 3500 | 4200 | 65000 | 5000 | 5000 | 4500 | 4000 |
| 48 | നട്ടാശ്ശേരി | 300 | 300 | 4000 | 300 | 4000 | 3000 | 100 | 100 | 100 | 100 | 10000 | 100 | | | |
| 49 | നെടുങ്ങപ്ര | 250 | 250 | 1000 | 250 | 500 | 1000 | | | | | 25230 | | | | |
| 50 | നെടുമുടി | 1350 | 1400 | 5000 | 1500 | | | | | | | | | | | |
| 51 | പാക്കിൽ | 1000 | 1000 | | 1000 | | 10000 | 2000 | 1000 | 1000 | 1000 | | 1000 | 1000 | 1000 | 1000 |
| 52 | പാല | 500 | 1000 | 2000 | 1000 | 15000 | 10000 | 1000 | 500 | 1000 | 1000 | 55500 | 800 | 1000 | 1000 | 1000 |
| 53 | പള്ളിവാസൽ | 400 | 500 | 1000 | | 1500 | 750 | 500 | 450 | 600 | 400 | 12000 | 450 | 500 | 400 | 400 |
| 54 | പാമ്പനാർ | 2010 | 1100 | 13940 | 2250 | 25000 | 17000 | 2000 | 2000 | 300 | 3000 | 400000 | 2000 | 2000 | 2000 | 2000 |
| 55 | പട്ടിത്താനം | 1000 | 1000 | 2000 | 1000 | 6000 | 7000 | 1000 | 1000 | 1000 | 1000 | 100760 | 1000 | 1000 | 1000 | 1000 |
| 56 | പെരുമ്പാവൂർ | 1500 | 1500 | 3000 | 1500 | 19500 | 3000 | 1500 | 1000 | 2000 | 2500 | 3,11210 | 1500 | 2000 | 1500 | 1500 |
| 57 | പെരമ്പെട്ടി | | | | | | | | | | | 31000 | | | | |
| 58 | പെരുവ | | | | | | | | | | | | | | | |
| 59 | പയസ് നഗർ | | | | | | | | | | | 19340 | | | | |
| 60 | പൊടിമറ്റം | 1000 | 950 | 2050 | 800 | 6960 | 7230 | 2000 | 2000 | 2000 | 2000 | 100000 | 2000 | 2000 | 2000 | 2000 |
| 61 | പൂവം | 1000 | 1000 | 10000 | 1000 | 5000 | 10000 | 2000 | 2000 | 2000 | 2000 | 1,00000 | 2000 | 2000 | 2000 | 2000 |
| 62 | പൊതി | 2200 | 2200 | 10000 | 2300 | 17100 | 4000 | 2200 | 2200 | 2000 | 2000 | 52,150 | 2000 | 2000 | 1910 | 2000 |
| 63 | പുല്ലരിക്കുന്ന് | 1820 | 1710 | 3005 | 1730 | 1940 | 1940 | 1865 | | | | 21250 | | | | |
| 64 | റാന്നി | 500 | 500 | | 400 | 2500 | 3500 | | | | | 14250 | | | | |
| 65 | ശാന്തൻപാറ | 1490 | 1512 | | 1819 | | | 2950 | 2100 | 100 | 2520 | 62000 | 1430 | 1515 | 2800 | 1670 |
| 66 | സൂര്യനെല്ലി | 2770 | 3300 | | | | 11000 | 5580 | 5070 | 5400 | 5600 | 1,71717 | 5790 | 3000 | 4000 | |

| നമ്പർ | സ്ഥലം | പ്രത്യക്ഷവത്കരണം | തിരുബാലസഖ്യദിനം | നോമ്പാചരണം (Hunger & Disease) | കമ്യൂണിയോ ഇന്ത്യ | പി.എം.എ.എസ്. | വിശുദ്ധ നാടുകളുടെ സംരക്ഷണം | ദൈവവിളി ദിനം | വി. പത്രോസിന്റെ സിംഹാസന പിരിവ് | കെ.സി.വൈ.എം. | നീതി ഞായർ | മിഷൻ ഞായർ | മാധ്യമ ഞായർ | കെ.ആർ.എൽ.സി.സി. | ദൈവവചന ഞായർ | കുടുംബപ്രേഷിത ഞായർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 67 | തലയാർ | 250 | 250 | 1000 | 250 | 4000 | 3000 | | | | | 70007 | | | | |
| 68 | തെള്ളകം | 9000 | 2420 | | 3000 | | 10000 | 3000 | 3000 | 3500 | 3500 | 200001 | 4150 | 4075 | 4648 | 4865 |
| 69 | തിരുവല്ല | 500 | 500 | 1500 | 500 | 1000 | 4000 | 1000 | 1000 | 1000 | 1000 | 1,19750 | | | | |
| 70 | തിരുവഞ്ചൂർ | 2000 | 2000 | 4000 | 2000 | 9600 | 3400 | 2691 | 2580 | 1440 | 2917 | 43500 | | | | |
| 71 | തൊടുപുഴ | 700 | 800 | | | | 5460 | 1000 | 900 | 500 | 800 | 50010 | 750 | 750 | 850 | 750 |
| 72 | തോപ്രാംകുടി | 500 | 500 | 1000 | 500 | | 500 | 500 | 500 | 500 | 500 | 20000 | 500 | 500 | 500 | 500 |
| 73 | വടവാതൂർ | 2900 | 2115 | 2000 | | 3600 | 6400 | 3575 | 2100 | 3400 | 3500 | 57610 | | | | |
| 74 | വാഗമൺ | 300 | 300 | 800 | 200 | 1100 | 400 | 500 | 500 | 500 | 500 | 20000 | 500 | 700 | 700 | 600 |
| 75 | വൈശ്യംഭാഗം | 2250 | 2500 | 9210 | 3210 | 11120 | 4350 | | | | | 71800 | | | | |
| 76 | വനവാതുക്കര | 500 | 500 | | 500 | 6890 | 4060 | | | | | 33220 | | | | |
| 77 | വണ്ടിപ്പെരിയാർ | 5000 | 6000 | 15000 | 8000 | 50001 | 18500 | 5000 | 3000 | 3000 | 2500 | 7,11000 | 2500 | 2500 | 2500 | 2500 |
| 78 | വാഴൂർ | 750 | 650 | | | 1000 | 700 | 650 | 700 | 650 | 700 | | | | | |
| 79 | വെച്ചൂച്ചിറ | 595 | 526 | 2000 | 500 | 3030 | 2640 | 500 | 500 | 500 | | 18200 | | | | |
| 80 | വെള്ളിയാമറ്റം | 1790 | 1230 | 2000 | 1430 | 3791 | 1000 | 2082 | 2750 | 2110 | | 41000 | | | | |
| 81 | വേളൂർ | 1000 | 2000 | 5000 | 2000 | 2000 | 2000 | 2000 | 2000 | 2000 | 3000 | 44800 | 1900 | 2100 | 1250 | 1250 |
| 82 | വെട്ടിമുകൾ | 3200 | 1400 | | | 6490 | 5200 | 3100 | 5000 | 2500 | 6200 | 85000 | 5400 | 5300 | 6200 | 4200 |
| 83 | വിശ്വനാഥപുരം | 3700 | 3750 | 4250 | 3850 | | 4800 | 3500 | 3500 | 3000 | 3450 | 74556 | 3600 | 3750 | 3000 | 3850 |
| 84 | ഏലപ്പെട്ടി | 1500 | 1500 | 2500 | 500 | 3000 | 3000 | 1500 | 1500 | 1500 | 2000 | 70000 | 1500 | 2000 | 2000 | 2000 |
| 85 | എന്തയാർ | 1500 | 1650 | 3000 | 1450 | 3000 | 2500 | 2000 | 2300 | 2000 | 1750 | 25000 | 1600 | 1500 | 1400 | 1500 |
| 86 | കാണക്കാരി | | | | | | | | | | | 10000' | | | | |

# പൂത്തുലയുന്ന കുരിശുകൾ

ഫാ. ജോൺ മറ്റുപ്പിള്ളിയിൽ

ഈജിപ്തുകാരുടെ അടിമത്തത്തിൽ നിന്നും ദൈവം മോശ വഴി രക്ഷിച്ചു കൊണ്ടു വന്ന ഇസ്രായേൽജനം , മരുഭൂമിയിലൂടെയുള്ള യാത്ര താങ്ങാൻ കഴിയാതെ ആളുകൾ, കർത്താവിൽ നിന്ന് അകന്നുപോകുകയും, മോശ യെയും കർത്താവിനെയും കുറിച്ച് മോശമായി സംസാരിക്കുകയും ചെയ്യു ന്നു. 'അപ്പോൾ കർത്താവ് ജനത്തിന്റെ ഇടയിലേക്ക് ആഗ്നേയ സർപ്പങ്ങളെ അയച്ചു. അവയുടെ ദംശനമേറ്റ് ഇസ്രായേലിൽ വളരെപ്പേർ മരിച്ചു.'

(സംഖ്യ 21 : 6)

മോശ ജനത്തിനു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയും കാരുണ്യ വാനായ ദൈവം അവരോട് ക്ഷമിച്ചുകൊണ്ട് അവർക്ക് ജീവൻ നൽകുവാൻ തയ്യാറായി.'കർത്താവ് മോശയോട് അരുളിച്ചെയ്തു: ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തുക. ദംശനമേൽക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല.മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തി നിർത്തി; ദംശനമേറ്റവർ പിച്ചളസർപ്പത്തെ നോക്കി; അവർ ജീവിച്ചു.'

(സംഖ്യ 21 : 89)

ഫ്രാൻസിസ് പാപ്പ ഡോമൂസ് സാങ്താ മാർത്തയിലെ ചാപ്പലിൽ ചൊവ്വ, 4 ഏപ്രിൽ 2017 നടത്തിയ പ്രഭാത ധ്യാനത്തിൽ ഈ സർപ്പത്തെകുറിച്ചു വ്യാഖ്യാനിച്ചത് ഇപ്രകാരമാണ്.

' സർപ്പം തിന്മയുടെ പ്രതീകമാണ്; അത് പിശാചിന്റെ പ്രതീകമാണ്: അവൻ ഭൗമിക പറുദീസയിലെ എല്ലാ മൃഗങ്ങളിലും ഏറ്റവും സൂക്ഷ്മതയുള്ള വനായിരുന്നു. വാസ്തവത്തിൽ, സർപ്പത്തിന് നുണകളാൽ വശീകരിക്കാൻ കഴിയും'; അവൻ 'നുണകളുടെ പിതാവാണ്: ഇതാണ് നിഗൂഢത'. അതിനാൽ, 'രക്ഷപ്പെടാൻ നാം പിശാചിലേക്ക് നോക്കണോ?', 'പാപത്തിന്റെ പിതാവാണ് സർപ്പം, മനുഷ്യരാശിയെ പാപത്തിലേക്ക് നയിച്ചവൻ.' വാസ്തവത്തിൽ, 'യേശു പറയുന്നു: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തുമ്പോൾ ഞാൻ അവനാണെന്ന് നിങ്ങൾ അറിയും. വ്യക്തമായും ഇതാണ് കുരിശിന്റെ രഹസ്യം',വെങ്കല സർപ്പം രോഗശാന്തി കൊണ്ടുവന്നു, എന്നാൽ വെങ്കല സർപ്പം രണ്ട് കാര്യങ്ങളുടെ അടയാളമായിരുന്നു': ഒരു വശത്ത്, 'സർപ്പം ചെയ്ത പാപം, സർപ്പം വശീകരിക്കൽ, സർപ്പത്തിന്റെ സൂക്ഷ്മത'; മറുവശത്ത്, 'ക്രിസ്തുവിന്റെ കുരിശിന്റെ അടയാളം. അതൊരു പ്രവചനമായിരുന്നു'.

'അതുകൊണ്ടാണ് കർത്താവ് അവരോട് പറയുന്നത്: 'നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തുമ്പോൾ, ഞാൻ അവനാണെന്ന് നിങ്ങൾ അറിയും'. നമുക്ക് പറയാൻ കഴിയും, , 'യേശു തന്നെത്തന്നെ 'സർപ്പമാക്കി'; യേശു തന്നെത്തന്നെ 'പാപമാക്കി', മനുഷ്യരാശിയുടെ എല്ലാ മാലിന്യങ്ങളും, പാപത്തിന്റെ എല്ലാ മാലിന്യങ്ങളും സ്വയം ഏറ്റെടുത്തു;' അവൻ തന്നെത്താൻ പാപമാക്കി'; പാപത്താൽ മുറിവേറ്റവരായ നമ്മളെ , എല്ലാ ജനങ്ങളും തന്നെ നോ

ക്കേണ്ടതിന് അവൻ തന്നെത്തന്നെ ഉയർത്തി. ഇതാണ് കുരിശിന്റെ രഹസ്യം. പൗലോസ് പറയുന്നു: 'അവൻ തന്നെത്താൻ പാപമാക്കി', അവൻ പാപത്തിന്റെ പിതാവായി, സൂക്ഷ്മ സർപ്പത്തിന്റെ രൂപം സ്വീകരിച്ചു.

നമ്മളെ അത്രമാത്രം സ്നേഹിക്കുന്ന ദൈവം തന്റെ പുത്രനെ നമുക്ക് വേണ്ടി ബലിയായി നൽകുവാൻ തയ്യാറായി. ആ ബലിക്കൽ ആയി തീർന്നത് കുരിശ് ആണ്. മരണത്തിന്റെ അടയാളമായി നിന്ന് കുരിശിനെ ഉത്ഥാനത്തിന്റെ ചിഹ്നമായി ഈശോ മാറ്റി. ഉണങ്ങിയ മരക്കഷണത്തെ പൂക്കളും കായ്കളും നിറഞ്ഞ പുഷ്പിക്കുന്ന പച്ച മരമാക്കി മാറ്റി.

ദൈവത്തിന് നമ്മോടുള്ള കരുണയും സ്നേഹവും ആണ് നമുക്ക് ജീവൻ പ്രദാനം ചെയ്യുന്നത്. അതിനാൽ ക്രിസ്തുവിന്റെ പ്രസ്തുത രഹസ്യങ്ങളുടെ ആഘോഷത്തിനായി നമ്മൾ ഒരുങ്ങുന്ന ഈ ദിനങ്ങളിൽ നമ്മുടെ ജീവിതങ്ങളും മറ്റുള്ളവർക്ക് ജീവൻ നൽകുന്ന രീതിയിൽ ആക്കുവാൻ പരിശ്രമിക്കാം. രോഗികൾക്ക് സൗഖ്യം ആയും ആശ്വാസമായും പാവപ്പെട്ടവർക്ക് കരുതലായും നന്മയായും വിഷമിക്കുന്നവർക്ക് ആശ്വാസമായും ഒറ്റപ്പെട്ടവർക്ക് കൂട്ടായും നിരാശപ്പെട്ട് കഴിയുന്നവർക്ക് പ്രത്യാശയായും വീണവരെ എഴുന്നേൽപ്പിച്ചു കൊണ്ടും നമുക്കും നിർജീവങ്ങളായി തീരുന്ന കുരിശുകളെ ദൈവത്തോട് ചേർന്ന് നിന്നതുകൊണ്ട് പൂക്കൾ നിറഞ്ഞ ജീവനുള്ള വൃക്ഷങ്ങൾ ആക്കി മാറ്റാം.

---

# പ്രധാന ശത്രുവിനെ നേരിടാം

**ബ്ര. റോസ്ബിൻ**

Achilles heel എന്നൊരു പ്രയോഗം ഉണ്ട് ഇംഗ്ലീഷിൽ. യവന പുരാണങ്ങളിലെ വീര പുരുഷനായ അക്കിലിസീനെ അവന്റെ അമ്മ ശിശിവായിരുന്നപ്പോൾ സ്റ്റിക്സ് എന്ന അത്ഭുത നദിയിൽ മുക്കിയെടുത്തു. അങ്ങനെ ലോകത്തെ ഒരായുധത്തിനും മുറിവേൽപ്പിക്കാനാവാത്തതായി അക്കിലിസിന്റെ ശരീരം. എന്നാൽ ഒരബദ്ധം സംഭവിച്ചിരുന്നു. കുട്ടിയെ നദിയിൽ മുക്കിയപ്പോൾ അവന്റെ ഉപ്പൂറ്റി മാത്രം നനഞ്ഞിരുന്നില്ല. വർഷങ്ങൾക്കിപ്പുറം മുറിവേൽക്കാത്ത ശരീരമുള്ള ഈ ശിശു വീരയോദ്ധാവായി. ശത്രുക്കളുടെ ഉറക്കം കെടുത്തി. എന്നാൽ അക്കീലിസിന്റെ ശരീരത്തിൽ മുറിവേൽക്കുന്ന ഒരേയൊരിടും അവന്റെ ഉപ്പൂറ്റി ആണെന്നു മനസ്സിലാക്കിയ ശത്രുക്കൾ തന്ത്രപൂർവ്വം അയാളുടെ ഉപ്പൂറ്റിയിൽ അമ്പെയ്തു അയാളെ കൊലപ്പെടുത്തി.

ഒരു മനുഷ്യന്റെ ഏറ്റവും വലിയ ബലഹീനത അഥവാ ഏറ്റവും വലിയ ദൗർബല്യം ഇതിനെയൊക്കെ സൂചിപ്പിക്കുന്നതാണ് അക്കിലിസിന്റെ ഉപ്പൂറ്റി. പല പുരാണങ്ങളിലും ഇത് പല രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. മഹാഭാരതത്തിൽ ദുര്യോദനന് തന്റെ തുടയാണ് അയാളുടെ അശ്കത ഇടം. അവിടെ ക്ഷതം ഏൽപ്പിച്ചാണല്ലോ ഭീമൻ അയാളെ വീഴ്ത്തുന്നത്.

നോമ്പ് ആത്മീയ പോരാട്ടത്തിന്റെ യുദ്ധത്തിന്റെ കാലഘട്ടമാണ് തങ്ങളുടെ ബലകീനമാവുന്ന ഉപ്പൂറ്റിയിലും തുടയിലോ മൺപാദത്തിലോ മുറിവേൽപ്പിച്ച് നിങ്ങളെ വീഴ്ത്തുകയാണ് പിശാചിന്റെ ലക്ഷ്യം. ചില വ്യക്തി

കൾക്ക് ഈ ദൗർബല്യം പണത്തോടുള്ള ആർത്തിയായും മറ്റു ചിലർക്കത് ലൗകീകമായും വേറെ ചിലർക്ക് മദ്യമാകാം, ഭക്ഷണമാകാം, അഹങ്കാരമാകാം. നമ്മുടെ ഈ ബലഹീനതയെ തിരിച്ചറിയാനും അതിജീവിക്കാനുമുള്ളതാകട്ടെ ഈ നോമ്പുകാലം.

---

# നോമ്പ്



*സ്റ്റീഫൻ*
*പുതുവലിൽ*

കരയുന്ന മനുജാ നിന്നെ നോക്കി
ഉയരങ്ങളിൽ വാഴുമേശുനാഥൻ
അലിവാർന്നിടേണം നിന്നുള്ളമെന്നുള്ളിൽ
കരുതിതൻ ചുടുചോര ചിന്തി. മണ്ണിൽ
അലിവാർന്നു തെല്ലുമേ കണ്ടതില്ല
അധി കഠിനമായ്ത്തീർന്നുവോ നിൻ ഹൃദയം
സ്നേഹം നടിച്ചു നിൻ സ്നേഹിതൻ നെഞ്ചിൽ
ആഴത്തിലാഴ്ത്തി നിൻ വാൾ മുനകൾ
വേർപ്പിൻ കണങ്ങളാൽ ജ്ഞാനം പകർന്നൊരാ
താതന്റെ വാക്കുകൾ പുച്ഛമായി
തൻ നിണത്തുള്ളികൾ അമ്മിഞ്ഞപ്പാലാക്കി-
പ്പോറ്റിയോരമ്മേത്തരുവിലാക്കി
കൂടെ ശയിപ്പവർ തമ്മിൽപ്പരസ്പരം
നാവൊന്നനക്കീട്ടു നാളേറെയായ്
നാവൊന്നനക്കിയാലാരാമമധ്യത്തിലാ
ടുന്ന പൂക്കൾ തളർന്നുവീഴും
ഉന്മാദ വസ്തുക്കളെല്ലാം നുകർന്നി-
ട്ടുൻലാദ നൃത്തച്ചുവടു വപ്പൂ
പെരുകുന്നു തിന്മകളോരോന്നുമീ വണ്ണ-
മുരുകുന്നു മനമിന്നു ക്രിസ്തുവിന്റെ
ഇത്യാദി തിന്മകളുള്ളിലൊളിപ്പിച്ച്
നോമ്പിനെപ്പുൽകുന്നു മാന്യമായി
തിന്മകൾ സർവ്വം ത്വജിക്കണം നോമ്പിനാൽ
മത്സ്യവും മാംസവും മാത്രമല്ല
പശ്ചാത്തപിച്ചിന്ന് നോമ്പ് നോറ്റീടുകിൽ
കർത്താവു പാപം പൊറുക്കുമല്ലോ.

---



കുന്നുംഭാഗം സെമിത്തേരി വെഞ്ചരിപ്പ്

# ലീജിയൻ ഓഫ് മേരി വിജയപുരം കൊമ്മീസിയം വാർഷികവും യാത്രയയപ്പും




ലീജിയൻ ഓഫ് മേരി വിജയപുരം കൊമ്മീസിയത്തിന്റെ 44-ാമത് വാർഷികവും ദീഘകാലം കൊമ്മീസിയം സ്പിരിച്ചൽ ഡയറക്ടറായിരുന്ന മേരിമംഗലം അച്ചന് യാത്രയയപ്പും 11/3/2023 ശനിയാഴ്ച കോട്ടയം ഗുഡ് ഷെപ്പേർഡ് കാർമ്മൽ ഹാളിൽ വച്ച് നടത്തപ്പെട്ടു 9.30 ന് കോട്ടയം ഫൊറോനാ വികാരി പെരിയ ബഹുമനപ്പെട്ട ജോസിലിൻ OCD അച്ചൻ സമ്മേളന പതാകയുയർത്തി ദേവാലത്തിൽ നടന്ന പ്രാരംഭ പ്രാർത്ഥനയ്ക്കു ശേഷം എല്ലാ മരിയൻ സൈനികരും സൈനിക പ്രതിജ്ഞയായ ആച്ചിയസ് നടത്തി 11 ന് ആരംഭിച്ച പൊതുസമ്മേളനം വിജയപുരം രൂപതാധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് ഉദ്ഘാടനം ചെയതു. കൊമ്മീസിയം പ്രസിഡണ്ട് സി മേരി മാത്യു അധ്യക്ഷം വഹിക്കുകയും 'സെക്രട്ടറി സി. സൂസൻ വിജയൻ വാർഷിക റിപ്പോർട്ട് അവതരിപ്പിയ്ക്കുകയും ചെയ്തു. തുടർന്ന് വിജയപുരം രൂപതാ വികാരി ജനറാൾ മോൺ.ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത എപ്പിസ്കോപ്പൽ വികാർ സെബാസ്റ്റ്യൻ പൂവത്തുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി ദീർഘകാലം ഡയക്ടർ ആയിരുന്ന ബഹുമാനപ്പെട്ട മേരിമംഗലം അച്ചന് പിതാവ് ഉപഹാരം നൽകുകയും ഷാൾ അണിയിയ്ക്കുകയും ചെയ്തു. അമയന്നൂർ ജോതിർ ഭവൻ ഡയറക്ടർ ശ്രീമതി ലൈലാമ ജോണിന് ആദരവു നൽകി കോട്ടയം ഫൊറോനാ വികാരി പെരിയ ബഹുമാനപ്പെട്ട ജോസ്‌ലിൻ OCD അച്ചൻ, സെനാത്തോസ് പ്രസിഡണ്ട് NE. വൈസ് പ്രസിഡണ്ട് സി. ഗ്രേസിക്കുട്ടി. SVDP. C C പ്രസിഡണ്ട് ശ്രീ രാജേഷ് പി.എം എന്നിവർ ആശംസകൾ അർപ്പിച്ചു. കൊമ്മീസിയം സ്പിരിച്ചൽ ഡയറക്ടർ റവ.ഫാ. ജോർജ് ലോബോ സമ്മേളനത്തിന് സ്വാഗതവും വൈസ് പ്രസിഡണ്ട് സി.അന്നമ്മ ജോൺ കൃതജ്ഞതയും അർപ്പിച്ചു. തുടർന്ന് ലീജിയൻ അംഗങ്ങളുടെ കലാപരിപാടികളും സ്നേഹവിരുന്നും നടന്നു. വിശുദ്ധ കുർബ്ബാനയോടെ 44-ാം വാർഷിക സമ്മേളനം പര്യവസാനിച്ചു.

# ഇടവക വാർത്തകൾ

## അമയന്നൂർ പാരീഷ്



ആലുവ കാർമൽ ഗിരി സെ. ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി ആരാധനക്രമ വിഭാഗം നടത്തിയ ആറുമാസം നീണ്ടു നിൽക്കുന്ന ആരാധനക്രമത്തെ കുറിച്ചുള്ള സർട്ടിഫിക്കറ്റ് കോഴ്സ് പാസായ അമയന്നൂർ ഇടവക അംഗങ്ങളായ ശ്രീ ജേക്കബ് ജോൺ അറയ്ക്കപ്പറമ്പിൽ , ശ്രീമതി ലൈലാമ്മ ജോൺ അറയ്ക്കപ്പറമ്പിൽ,ഡോ. ജോസഫ് ജോൺ കൊച്ചു പറമ്പിൽ എന്നിവർ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങുന്നു. സെമിനാരിയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലാറ്റിൻ ലാംഗ്വേജ് ആൻഡ് കൾച്ചർ സ്റ്റഡീസ് നടത്തിയ എട്ടുമാസം നീണ്ടുനിൽക്കുന്ന കാനൻ ലോ ഓൺലൈൻ കോഴ്സും സഹോദരങ്ങളായ ജേക്കബ് ജോണും ലൈലാമ്മ ജോണും വിജയകരമായി പൂർത്തിയാക്കി. ഇരുവർക്കും ഇടവകയുടെ ആദരവും അനുമോദനങ്ങളും അറിയിച്ചു.

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി പൂവം പ്രസീദിയങ്ങളുടെ സുവർണ്ണ ജൂബിലി ആഘോഷം സംയുക്തമായി 2023 ജനുവരി 21 ശനിയാഴ്ച മേരി മൗണ്ട് റോമൻ കത്തോലിക്കാ ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു കൊമ്മീസിയം Spiritual Director Rev. Fr. George Manoj Lobo പതാക ഉയർത്തി തുടർന്ന് നടന്ന ജപമാലക്ക് പൂവം പ്രസീദിയം പ്രസിഡന്റ് Sr. ലില്ലികുട്ടി സെബാസ്റ്റ്യൻ നേതൃത്വം നൽകി. ശേഷം 10:40നു നടന്ന ദി




വ്യബലിയിൽ റവ.ഫാ. തിയോഫിൻ വെനാർഡ് തുരുത്തിക്കോണം മുഖ്യ കാർമ്മികത്വം വഹിച്ചു. ദിവ്യബലിക്ക് ശേഷം നടന്ന പൊതുസമ്മേളനം സെനാത്തൂസ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ഉദ്ഘാടനം ചെയ്തു. റവ.ഫാ‌ജോർജ് മനോജ് ലോബോ അധ്യക്ഷനായ യോഗത്തിൽ ചങ്ങനാശേരി പ്രസീദിയം പ്രസിഡന്റ് സി.ലിസി ലോബോ സ്വാഗതം ആശംസിച്ചു. റവ.ഫാ ജോർജ് ജോൺ മേരിമംഗലം, വെരി.റവ.ഫാ സ്റ്റീഫൻ പുത്തൻപറമ്പിൽ, റവ.ഫാ. തോമസ് തൈപറമ്പിൽ എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി. ലീജിയൻ ഓഫ് മേരിയുടെ സ്ഥാപക നേതാക്കളെയും മരണപ്പെട്ടുപോയ ആദ്യകാല പ്രവർത്തകരെയും അനുസ്മരിച്ചു ആദരിക്കൽ ചടങ്ങ് നടത്തപ്പെട്ടു.

---



*അമയന്നൂർ തിരുഹൃദയ ഇടവകയിൽ ആശാകിരണം പദ്ധതി ഉദ്ഘാടനവും ക്യാൻസർ ബോധവൽക്കരണ സെമിനാറും*

ഫെബ്രുവരി 26 ഞായർ 10 30 ന് പാരിഷ് ഹാളിൽ വച്ച് നടന്ന യോഗത്തിൽ ആശാകിരണം പദ്ധതിക്ക് തുടക്കം കുറിച്ചു . അതിന്റെ ഭാഗമായി കാരിത്താസ് ആശുപത്രിയിലെ ക്യാൻസർ ചികിത്സ വിദഗ്ധൻ ഡോക്ടർ മനു ജോൺ ക്യാൻസർ ബോധവൽക്കരണ സെമിനാർ നയിച്ചു. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി ആശാകിരണം കോഡിനേറ്റർ ശ്രീമതി പ്രമീല ആശാകിരണം പദ്ധതിയെ കുറിച്ചുള്ള വിശദമായ അവതരണം നടത്തി ആശാകരണം പ്രവർത്തനങ്ങൾക്കായുള്ള വോളണ്ടിയേഴ്സിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

# മഞ്ഞിഫിക്കാത്ത് 2023



'എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു.'ലൂക്കാ 1 : 46 വിജയപുരം രൂപത ദേവാലയ ഗായകസംഘ സംഗമംകോട്ടയം : മാർച്ച് 11, രാവിലെ 10.30 മുതൽ (കോട്ടയം, പട്ടിത്താനം, തിരുവല്ല, മൂവാറ്റുപുഴ, മുണ്ടക്കയം മേഖലകൾ) വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടന്നു.

രൂപതാ മിനിസ്ട്രി കോഡിനേറ്റർ പെരിയ ബഹുമാനപ്പെട്ട വർഗീസ് കോട്ടക്കാട്ട് അച്ചൻ ഉദ്ഘാടനം ചെയ്തു. പെരിയ ബഹുമാനപ്പെട്ട ടോം ജോസ് അച്ചൻ ദേവാലയ ഗായക സംഘത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സെടുത്തു. തുടർന്ന് ആരാധന ക്രമത്തിൽ ഉപയോഗിക്കേണ്ട ഗാനങ്ങളുടെ പരിശീലനവും നടത്തി. രൂപതാ ലിറ്റർജി കമ്മീഷൻ ഡയറക്ടർ ഫാ. ജിൻസൻ, ഫാ. സെബാസ്റ്റ്യൻ,സി. സോണിയ, ശ്രീ. വില്യം, റെജി, ജോബിൻ, സോനു എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.

---

**കുട്ടിക്കാനത്തുവച്ചു നടന്ന മഞ്ഞിഫിക്കാത്ത് 2023**
**അഭി. പിതാവ് ഉദ്ഘാടനം ചെയ്യുന്നു**






# വി.എസ്.എസ്.എസ്. വാർത്തകൾ

## വനിതാദിനാചരണം




വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനാചരണം മാരാമൺ സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. സ്ത്രീശക്തീകരണവും അവസര സമത്വവും നമ്മുടെ വീടുകളിൽ നിന്നാരംഭിക്കണം. ഈ ദിനം വലിയ ആഘോഷമാക്കേണ്ടത് പുരുഷന്മാരാണ് അഭിവന്ദ്യപിതാവ് ചൂണ്ടിക്കാട്ടി. പത്തനംതിട്ട ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് സാറാ തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ആമുഖ സന്ദേശത്തിൽ സൊസൈറ്റിയുടെ വനിതാശക്തീകരണ പ്രവർത്തനങ്ങൾ വിവരിച്ചു. പ്രൊഫ. സ്റ്റെല്ലാ തോമസ് മുഖ്യ പ്രഭാഷണം നടത്തി. "സജീവം" ലഹരി വിരുദ്ധ പരിപാടികളുടെ രൂപതാതല ഉദ്ഘാടനം തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എസ്. ബിനോയ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്ത് നിർവ്വഹിച്ചു. ഫൊറാന വികാരി ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ വി.എസ്.എസ്.എസ്. മേഖലാ പ്രസിഡന്റ് ഫാ. ജോഷി പുതുപ്പറമ്പിൽ അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര ചുള്ളിക്കപ്പറമ്പിൽ ജനപ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു. ദേശീയ കായികതാരം മേരി പിയ നെൽസൺ, സാമൂഹ്യപ്രവർത്തക ലൈലാമ്മ ജോൺ, ഷീ ടാക്സി ഡ്രൈവർ വിജി വർഗീസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. ദിനാഘോഷങ്ങളുടെ ഭാഗമായി കോഴഞ്ചേരിയിൽ നിന്നാരംഭിച്ച റാലി റാന്നി ഡി.വൈ.എസ്.പി.ജി. സന്തോഷ് കുമാർ ഫ്ളാഗ് ഓഫ് ചെയ്തു.




വനിതാദിനാഘോഷം ഫ്ളാഗ് ഓഫ് ചെയ്യുന്നു







വനിതാദിനാഘോഷ കലാപരിപാടികൾ

## സുരക്ഷിത പ്രവാസം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇൻഡ്യ കാരിത്താസ് ബൽജിയം എന്നിവയുടെ സഹകരണത്തോടെ നടപ്പാക്കുന്ന സുരക്ഷിതപ്രവാസം പദ്ധതിയുടെ ആഭിമുഖ്യത്തിലുള്ള വിവിധ കർമ്മ പദ്ധതികളുടെ ഉദ്ഘാടനം അമലനിലയത്തിൽ സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ നിർവ്വഹിച്ചു. പദ്ധതി ഡയറക്ടർ ഫാ. ലിനോസ് ബിവേര കോ ഓർഡിനേറ്റർ ടി.കെ. രാജു, കോ- ഓർഡിനേറ്റർമാരായ ജോൺ സുമിത്, പ്രമീല ജോർജ്, സിസ്റ്റർ സൂസൻ കെ. എൽ.എം. രൂപതാ പ്രസിഡന്റ് കെ.ജെ. ജോസഫ് എന്നിവർ പ്രസംഗിച്ചു.




*സുരക്ഷിതപ്രവാസം പദ്ധതി ഉദ്ഘാടനം ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ*



*ജില്ലാ ശിശുസംരക്ഷണ ഓഫീസർ മല്ലിക കെ.എസിനു യാത്രയയപ്പും*
*പുതുതായി ചുമതലയേറ്റ എം.ആർ ബിന്ദുവിന് സ്വീകരണവും*

## കാവൽപ്ലസ്

ലൈംഗികാത്രിക്രമം അതിജീവിച്ച കുട്ടികൾ, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ എന്നിവരുടെ പരിരക്ഷയും സംരക്ഷണവും പുനരധിവാസവും ഉറപ്പുവരുത്തുവാൻ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പദ്ധതിയാണ് കാവൽപ്ലസ്. പദ്ധതിയുടെ കോട്ടയം ജില്ലയിലെ പ്രവർത്തനത്തിന് വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കാണ് സർക്കാർ ചുമതല നൽകിയിരിക്കുന്നത്. ഓഫീസ് പ്രവർത്തനങ്ങൾ അമലനിലയത്തിൽ ആരംഭിച്ചിരിക്കുന്നു.



# അഭിവന്ദ്യ പിതാവിന്റെ
## ഏപ്രിൽ മാസ പരിപാടികൾ

| | | |
|---|---|---|
| 01 ശനി | : | റീജിയണൽ ബിഷപ്സ് മാസധ്യാനം, ആലപ്പുഴ |
| 02 ഞായർ | : | കർത്താവിന്റെ കുത്തോല ഞായർ, ദിവ്യബലി, വിമലഗിരി കത്തീഡ്രൽ |
| 03 തിങ്കൾ 8.00 am | : | ദിവ്യബലി, സെന്റ് ആന്റണി തീർത്ഥാടനകേന്ദ്രം, കോട്ടയം |
| 04 ചൊവ്വ 6.00 pm | : | വൈദികരുടെ ഒത്തുചേരൽ, വിമലഗിരി കത്തീഡ്രൽ |
| 05 ബുധൻ 7.30 am | : | തൈലപരികർമപൂജ (ക്രിസംമാസ്) വിമലഗിരി കത്തീഡ്രൽ |
| 06 വ്യാഴം | : | കർത്താവിന്റെ അത്താഴത്തിന്റെ വ്യാഴാഴ്ച, ദിവ്യബലി വിമലഗിരി കത്തീഡ്രൽ |
| 07 വെള്ളി | : | കർത്താവിന്റെ പീഡാസഹനത്തിന്റെ വെള്ളിയാഴ്ച, തിരുകർമങ്ങൾ, വിമലഗിരി കത്തീഡ്രൽ |
| 08 ശനി | : | കർത്താവിന്റെ പീഡാസഹനത്തിന്റെ ശനിയാഴ്ച, പ്രഭാത പ്രാർത്ഥന, വിമലഗിരി കത്തീഡ്രൽ |
| 08 ശനി | : | കർത്താവിന്റെ ഉത്ഥാനത്തിന്റെ ഞായറാഴ്ച (ജാഗരണപൂജ) വിമലഗിരി കത്തീഡ്രൽ |
| 09 ഞായർ 11.00 am | : | ദിവ്യബലി, അഭയഭവൻ, കോട്ടയം |
| 11 ചൊവ്വ 11.45 am | : | തിരുനാൾ പതാക ഉയർത്തൽ, സെന്റ് ആന്റണി തീർത്ഥാടന കേന്ദ്രം, കോട്ടയം |
| 13 വ്യാഴം | : | Daughters of Immaculate Heart Congregationന്റെ ജനറൽ ചാപ്റ്റർ VOC, കോട്ടയം |
| 14 വെള്ളി | : | PPD |
| 15 ശനി 3.30 pm | : | കരിക്കാട്ടൂർ സെന്റ് ജോസഫ്സ് ദൈവാലയ പ്രതിഷ്ഠാകർമം |
| 16 ഞായർ 10.30 am | : | നിത്യവ്രത വാഗ്ദാന കർമം, ഉത്ഥനാശ്രമം ആനവിലാസം |
| 17 തിങ്കൾ | : | KRLCBC ആശിർഭവൻ, എറണാകുളം |
| 19 ബുധൻ 10.30 am | : | പൗരോഹിത്യത്തിന്റെ സുവർണ ജൂബിലി ആഘോഷം, ഫാ. ഗ്രിഗറി കൂട്ടുമ്മേൽ, വൈശ്യംഭാഗം |
| 21 വെള്ളി | : | PPD |
| 22 ശനി | : | പൗരോഹിത്യത്തിന്റെ സുവർണ ജൂബിലി ആഘോഷം, ഫാ. ജെയിംസ് മഞ്ഞാക്കൽ MSFS, കാരീസ് ഭവൻ, അതിരമ്പുഴ |
| 23 ഞായർ 2.30 pm | : | തിരുനാൾ ദിവ്യബലി, സെന്റ് ആന്റണി തീർത്ഥാടന കേന്ദ്രം, കോട്ടയം |
| 24 തിങ്കൾ | : | നിത്യവ്രത വാഗ്ദാന കർമം, കാരിസ് മെയ്ഡ്സ് സിസ്റ്റേഴ്സ്, കാട്ടാംപാക്ക് |
| 26 ബുധൻ | : | നിത്യവ്രത വാഗ്ദാനവും ഗോൾഡൻ ജൂബിലി ആഘോഷവും ഹോളിക്രോസ് സിസ്റ്റേഴ്സ്, തെള്ളകം |
| 28 വെള്ളി | : | PPD |
| 29 ശനി | : | ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാനതല കൂട്ടായ്മ, ദിവ്യബലി, വിമലഗിരി കത്തീഡ്രൽ |
| 29 -30 | : | സ്ഥൈര്യലേപനവും ഇടയസന്ദർശനവും, സെന്റ് പീറ്റേഴ്സ് ദൈവാലയം, കുമരകം |



ഫാ. മാർസലീനോ ഇറാഗി റെഡിൻ ഒ.സി.ഡി യുടെ അനുസ്മരണ ബലി



ഫാ. മാർസലീനോയുടെ ഛായാചിത്ര അനാച്ഛാദനം ആലുവ പൊന്തിഫിക്കൽ സെമിനാരി റെക്ടർ വെരി. റവ. ഡോ. ചാക്കോ പുത്തൻപുരയ്ക്കൽ നിർവഹിക്കുന്നു.



ഫാ. മാർസലീനോയ്ക്ക് ആദരാഞ്ജലി അർപ്പിക്കുന്ന അഭിവന്ദ്യ പിതാവ്

APRIL 2023
Vol. 16 • Issue 4
*Published on*
1th April 2023

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 100.00

Registered No. **KL/KTM/117/2023-25**
LIC. No. **KL/CR/KTM/WPP-03/2023-25**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

Meredian College Mangalore
EXCEL TO LEAD

# MEREDIAN GROUP OF INSTITUTIONS

AFFILIATED TO MANGALORE UNIVERSITY, RGUHS &
RECOGNIZED BY THE GOVERNMENT OF KARNATAKA

Email : jyothisindia1@rediffmail.com | Website : www.merediancollege.com
**Ph:0824 2463674 | 2953675 | Mob:9060773557**

* SUBBAIAH MEDICAL COLLEGE
* SUBHADRA NURSING COLLEGE
* MOUNT SHEPHERD COLLEGE OF NURSING
* CITY HOSPITAL * SCS HOSPITAL

**NURSING :**

BSc, GNM, PB BSc & MSc.
BBA, BCom, BCA & BSc Hotel Management

ADDON COURSES Aviation and Hospitality Mgt.
ACCA/ CA, Logistics & Digital Marketing
Data Analytics & Cyber Security
Graphic Designing & Video Editing














Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180